# ക്രിസ്തുവിനെ അനുഭവമാക്കുകയും, ആസ്വദിക്കുകയും, ആവിഷ്കരിക്കുകയും ചെയ്യുക
# (4)

ദൂത് ഒന്ന്

## യേശുവിന്റെ സാക്ഷ്യത്തിനു വേണ്ടി ദൈവത്തിന്റെ വിശ്വസ്ത സാക്ഷി

MC *Hymns*: ML389, ML96

തിരുവെഴുത്തു വായന: വെളി. 1:1-2, 5, 9-12; 7:9-12; 19:10

വെളി. 1:1 യേശു ക്രിസ്തുവിന്റെ വെളിപാട്, വേഗത്തിൽ സംഭവിക്കുവാനുള്ള കാര്യങ്ങൾ തന്റെ അടിമകളെ കാണിക്കുവാനായി ദൈവം അത് അവനു നൽകി; അവൻ അത് തന്റെ ദൂതനിലൂടെ തന്റെ അടിമയായ യോഹന്നാന് അയച്ച്, അടയാളങ്ങളാൽ അതിനെ അറിയിച്ചുകൊടുത്തു,

വെളി. 1:2 അവൻ ദൈവത്തിന്റെ വചനവും യേശു ക്രിസ്തുവിന്റെ സാക്ഷ്യവും, താൻ കണ്ടതൊക്കെയും സാക്ഷ്യപ്പെടുത്തി.

വെളി. 1:5 വിശ്വസ്ത സാക്ഷിയും, മരിച്ചവരിൽ നിന്ന് ആദ്യജാതനും ഭൂരാജാക്കന്മാരുടെ അധിപതിയുമായ യേശു ക്രിസ്തുവിൽ നിന്നും, നിങ്ങൾക്ക് കൃപയും സമാധാനവും ഉണ്ടായിരിക്കട്ടെ. നമ്മെ സ്നേഹിക്കുകയും തന്റെ രക്തത്താൽ നമ്മുടെ പാപങ്ങളിൽനിന്നു നമ്മെ വിടുവിക്കുകയും,

വെളി. 1:9 നിങ്ങളുടെ സഹോദരനും യേശുവിലുള്ള കഷ്ടതയിലും രാജ്യത്തിലും സഹിഷ്ണുതയിലും സഹപങ്കാളിയുമായ യോഹന്നാൻ എന്ന ഞാൻ, ദൈവ വചനവും യേശുവിന്റെ സാക്ഷ്യവും നിമിത്തം പത്മൊസ് എന്നു വിളിക്കപ്പെടുന്ന ദ്വീപിൽ ആയിരുന്നു.

വെളി. 1:10 കർത്തൃദിവസം ഞാൻ ആത്മാവിൽ ആയിരിക്കുകയും, എന്റെ പുറകിൽ കാഹളനാദംപോലെ ഉച്ചത്തിൽ ഒരു ശബ്ദം കേൾക്കുകയും ചെയ്തു,

വെളി. 1:11 അതു പറഞ്ഞത്, നീ കാണുന്നത് ഒരു ചുരുളിൽ എഴുതി ഏഴു സഭകൾക്ക്: എഫെസൊസിനും സ്മുർന്നയ്ക്കും പെർഗ്ഗമൊസിനും തുയഥൈരയ്ക്കും സർദ്ദിസിനും ഫിലദെൽഫ്യയ്ക്കും ലവൊദിക്യക്കും അയയ്ക്കുക.

വെളി. 1:12 എന്നോട് സംസാരിച്ച ശബ്ദം കാണുവാൻ ഞാൻ തിരിഞ്ഞു; തിരിഞ്ഞപ്പോൾ, ഏഴു, പൊൻനിലവിളക്കുകളെയും,

വെളി. 7:9 ഇവയ്ക്കു ശേഷം, ഇതാ, സകല രാഷ്ട്രങ്ങളിൽനിന്നും എല്ലാ ഗോത്രങ്ങളിലും ജനങ്ങളിലും ഭാഷകളിലും നിന്നും ആർക്കും എണ്ണുവാൻ കഴിയാത്ത വലിയൊരു പുരുഷാരം, വെള്ളയങ്കി ധരിച്ചും തങ്ങളുടെ കൈയിൽ പനയോല പിടിച്ചുംകൊണ്ട്, സിംഹാസനത്തിന് മുമ്പാകെയും കുഞ്ഞാടിനു മുമ്പാകെയും നിൽക്കുന്നത് ഞാൻ കണ്ടു.

വെളി. 7:10 അവർ, സിംഹാസനത്തിന്മേൽ ഇരിക്കുന്ന നമ്മുടെ ദൈവത്തിനും കുഞ്ഞാടിനും രക്ഷ, എന്ന് ഉച്ചത്തിൽ വിളിച്ചുപറയുന്നു.

വെളി. 7:11 എല്ലാ ദൂതന്മാരും സിംഹാസനത്തിന്റെയും മൂപ്പന്മാരുടെയും നാലു ജീവികളുടെയും ചുറ്റും നിന്നു; അവർ സിംഹാസനത്തിനു മുമ്പാകെ കവിണ്ണുവീണു ദൈവത്തെ ആരാധിച്ചു,

വെളി. 7:12 പറഞ്ഞത്, ആമേൻ. അനുഗ്രഹവും മഹത്വവും ജ്ഞാനവും സ്തോത്രവും ബഹുമാനവും ശക്തിയും ബലവും എന്നെന്നേക്കും നമ്മുടെ ദൈവത്തിന്. ആമേൻ.

വെളി. 7:13 മൂപ്പന്മാരിൽ ഒരുവൻ എന്നോട്, വെള്ളയങ്കി ധരിച്ച ഇവർ ആരാകുന്നു, അവർ എവിടെനിന്ന് വന്നു? എന്നു ചോദിച്ചു.

വെളി. 7:14 ഞാൻ അവനോട് പറഞ്ഞു, എന്റെ യജമാനനേ, നീ അറിയുന്നുവല്ലോ.

അവൻ എന്നോട്, ഇവർ മഹോപദ്രവത്തിൽനിന്നു വരുന്നവരാകുന്നു, അവർ തങ്ങളുടെ അങ്കികൾ കഴുകുകയും കുഞ്ഞാടിന്റെ രക്തത്തിൽ അവയെ വെളുപ്പിക്കുകയും ചെയ്തിരിക്കുന്നു.

വെളി. 7:15 ഇതു നിമിത്തം അവർ ദൈവത്തിന്റെ സിംഹാസനത്തിനു മുമ്പാകെ ആയിരുന്ന്, അവന്റെ ആലയത്തിൽ പകലും രാവും അവനെ സേവിക്കുന്നു; സിംഹാസനത്തിൽ ഇരിക്കുന്നവൻ അവരുടെമേൽ കൂടാരമടിക്കും.

വെളി. 7:16 അവർക്ക് ഇനിമേൽ വിശക്കുകയില്ല, ഇനിമേൽ ദാഹിക്കുകയുമില്ല, സൂര്യനും യാതൊരു ചൂടും അവരുടെമേൽ തട്ടുകയില്ല;

വെളി. 7:17 എന്തെന്നാൽ സിംഹാസനത്തിനു മധ്യേയുള്ള കുഞ്ഞാട് അവരെ മേയ്ക്കുകയും ജീവജലത്തിന്റെ ഉറവകളിലേക്ക് വഴിനടത്തുകയും ചെയ്യും; ദൈവമോ അവരുടെ കണ്ണുകളിൽനിന്ന് കണ്ണുനീരെല്ലാം തുടച്ചുകളയും.

വെളി. 19:10 അവനെ ആരാധിക്കുവാൻ ഞാൻ അവന്റെ കാൽക്കൽ വീണു. അവൻ എന്നോട്, അതരുത്. ഞാൻ നിന്റെയും യേശുവിന്റെ സാക്ഷ്യമുള്ള നിന്റെ സഹോദരന്മാരുടെയും കൂട്ടടിമയാകുന്നു. ദൈവത്തെ ആരാധിക്കുക. എന്തെന്നാൽ യേശുവിന്റെ സാക്ഷ്യമാകുന്നു പ്രവചനത്തിന്റെ ആത്മാവ്.

**I. ക്രിസ്തു ദൈവത്തിന്റെ വിശ്വസ്ത സാക്ഷിയും, ദൈവത്തിന്റെ സാക്ഷ്യവും ആവിഷ്കാരവും ആണ്; അവൻ ദൈവത്തെ ആവിഷ്കരിക്കുന്നത് അവന്റെ സാക്ഷ്യപ്പെടുത്തലാണ്—വെളി. 1:5; 3:14:**

വെളി. 1:5 വിശ്വസ്ത സാക്ഷിയും, മരിച്ചവരിൽ നിന്ന് ആദ്യജാതനും ഭൂരാജാക്കന്മാരുടെ അധിപതിയുമായ യേശു ക്രിസ്തുവിൽ നിന്നും, നിങ്ങൾക്ക് കൃപയും സമാധാനവും ഉണ്ടായിരിക്കട്ടെ. നമ്മെ സ്നേഹിക്കുകയും തന്റെ രക്തത്താൽ നമ്മുടെ പാപങ്ങളിൽനിന്നു നമ്മെ വിടുവിക്കുകയും,

വെളി. 3:14 ലവൊദിക്യയിലുള്ള സഭയുടെ ദൂതന് എഴുതുക: ദൈവസൃഷ്ടിയുടെ ആരംഭമായ, വിശ്വസ്തനും സത്യവാനുമായ സാക്ഷിയായ, ആമേൻ അരുളിച്ചെയ്യുന്നു:

A. ക്രിസ്തു ദൈവത്തിന്റെ സാക്ഷിയാണ്, ദൈവത്തിന്റെ സാക്ഷ്യവും ആവിഷ്കാരവുമാണ്; സഭ ക്രിസ്തുവിന്റെ സാക്ഷ്യവും ആവിഷ്കാരവുമാണ്; അങ്ങനെ, സഭ ക്രിസ്തുവിൽ ദൈവത്തിന്റെ സാക്ഷ്യത്തിന്റെയും ആവിഷ്കാരത്തിന്റെയും പുനരുല്പാദനമാണ്—1:5.

വെളി. 1:5 വിശ്വസ്ത സാക്ഷിയും, മരിച്ചവരിൽ നിന്ന് ആദ്യജാതനും ഭൂരാജാക്കന്മാരുടെ അധിപതിയുമായ യേശു ക്രിസ്തുവിൽ നിന്നും, നിങ്ങൾക്ക് കൃപയും സമാധാനവും ഉണ്ടായിരിക്കട്ടെ. നമ്മെ സ്നേഹിക്കുകയും തന്റെ രക്തത്താൽ നമ്മുടെ പാപങ്ങളിൽനിന്നു നമ്മെ വിടുവിക്കുകയും,

B. വെളിപ്പെടുത്തപ്പെട്ട ക്രിസ്തുവിനെയും യേശുവിന്റെ സാക്ഷ്യമായ സാക്ഷ്യപ്പെടുത്തുന്ന സഭയെയും വെളിപ്പാട് പുസ്തകം നമുക്ക് അവതരിപ്പിക്കുന്നു; ക്രിസ്തു ദൈവത്തിന്റെ സാക്ഷ്യവും, സഭ ത്രിയേക ദൈവത്തിന്റെ സംഘാത ആവിഷ്കാരമെന്ന നിലയിൽ വികാസംപ്രാപിച്ച ക്രിസ്തു എന്ന യേശുവിന്റെ സാക്ഷ്യവും ആണ്—യോഹ. 1:18; 5:31-37; 8:14; വെളി. 1:2, 5, 9; 19:10; പ്ര.നി. ഉല്പ. 1:26.

യോഹ. 1:18 ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല; പിതാവിന്റെ മാറിലിരിക്കുന്ന ഏകജാതനായ പുത്രൻ, അവനെ പ്രഖ്യാപിച്ചിരിക്കുന്നു.

യോഹ. 5:31 ഞാൻ തന്നെ എന്നെക്കുറിച്ച് സാക്ഷ്യപ്പെടുത്തിയാൽ, എന്റെ

സാക്ഷ്യം സത്യമല്ല;

യോഹ. 5:32 എന്നെക്കുറിച്ച് സാക്ഷ്യപ്പെടുത്തുന്ന വേറൊരുവൻ ഉണ്ട്; അവൻ എന്നെക്കുറിച്ച് സാക്ഷ്യപ്പെടുത്തുന്ന സാക്ഷ്യം സത്യമാകുന്നു എന്ന് ഞാൻ അറിയുന്നു.

യോഹ. 5:33 നിങ്ങൾ യോഹന്നാന്റെ അടുക്കൽ ജനത്തെ അയച്ചിരുന്നു, അവൻ സത്യത്തിനു സാക്ഷ്യം വഹിച്ചിരിക്കുന്നു.

യോഹ. 5:34 എന്നാൽ മനുഷ്യനിൽ നിന്നല്ല ഞാൻ എന്റെ സാക്ഷ്യം സ്വീകരിക്കുന്നതു, നിങ്ങൾ രക്ഷിക്കപ്പെടേണ്ടതിനത്രേ ഞാൻ ഈ കാര്യങ്ങൾ പറയുന്നത്.

യോഹ. 5:35 ജ്വലിച്ചു പ്രകാശിച്ചുകൊണ്ടിരുന്ന വിളക്കായിരുന്നു അവൻ, നിങ്ങളോ അൽപനേരം അവന്റെ വെളിച്ചത്തിൽ ഉല്ലസിക്കുവാൻ ഇച്ഛിച്ചു.

യോഹ. 5:36 എന്നാൽ എനിക്കു യോഹന്നാന്റെ സാക്ഷ്യത്തിലും വലിയ സാക്ഷ്യം ഉണ്ട്, പിതാവ് എനിക്കു ചെയ്തു തീർക്കുവാൻ നൽകിയിരിക്കുന്ന പ്രവൃത്തികൾ, ഞാൻ ചെയ്യുന്ന പ്രവൃത്തികൾതന്നെ, പിതാവ് എന്നെ അയച്ചിരിക്കുന്നു എന്ന് എന്നെക്കുറിച്ച് സാക്ഷ്യപ്പെടുത്തുന്നു.

യോഹ. 5:37 എന്നെ അയച്ച പിതാവ്, എന്നെക്കുറിച്ച് സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. നിങ്ങൾ ഒരിക്കലും അവന്റെ ശബ്ദം കേട്ടിട്ടില്ല, അവന്റെ രൂപം കണ്ടിട്ടില്ല,

യോഹ. 8:14 യേശു അവരോട് ഉത്തരം പറഞ്ഞു, ഞാൻ എന്നെക്കുറിച്ചുതന്നെ സാക്ഷ്യപ്പെടുത്തുന്നെങ്കിൽകൂടി, എന്റെ സാക്ഷ്യം സത്യമാകുന്നു, എന്തെന്നാൽ ഞാൻ എവിടെനിന്ന് വന്നു എന്നും എവിടേക്കു പോകുന്നു എന്നും ഞാൻ അറിയുന്നു; എന്നാൽ ഞാൻ എവിടെനിന്ന് വരുന്നു എന്നോ എവിടേക്കു പോകുന്നു എന്നോ നിങ്ങൾ അറിയുന്നില്ല.

വെളി. 1:2 അവൻ ദൈവത്തിന്റെ വചനവും യേശു ക്രിസ്തുവിന്റെ സാക്ഷ്യവും, താൻ കണ്ടതൊക്കെയും സാക്ഷ്യപ്പെടുത്തി.

വെളി. 1:5 വിശ്വസ്ത സാക്ഷിയും, മരിച്ചവരിൽ നിന്ന് ആദ്യജാതനും ഭൂരാജാക്കന്മാരുടെ അധിപതിയുമായ യേശു ക്രിസ്തുവിൽ നിന്നും, നിങ്ങൾക്ക് കൃപയും സമാധാനവും ഉണ്ടായിരിക്കട്ടെ. നമ്മെ സ്നേഹിക്കുകയും തന്റെ രക്തത്താൽ നമ്മുടെ പാപങ്ങളിൽനിന്നു നമ്മെ വിടുവിക്കുകയും,

വെളി. 1:9 നിങ്ങളുടെ സഹോദരനും യേശുവിലുള്ള കഷ്ടതയിലും രാജ്യത്തിലും സഹിഷ്ണുതയിലും സഹപങ്കാളിയുമായ യോഹന്നാൻ എന്ന ഞാൻ, ദൈവ വചനവും യേശുവിന്റെ സാക്ഷ്യവും നിമിത്തം പത്മൊസ് എന്നു വിളിക്കപ്പെടുന്ന ദ്വീപിൽ ആയിരുന്നു.

വെളി. 19:10 അവനെ ആരാധിക്കുവാൻ ഞാൻ അവന്റെ കാൽക്കൽ വീണു. അവൻ എന്നോട്, അതരുത്. ഞാൻ നിന്റെയും യേശുവിന്റെ സാക്ഷ്യമുള്ള നിന്റെ സഹോദരന്മാരുടെയും കൂട്ടടിമയാകുന്നു. ദൈവത്തെ ആരാധിക്കുക. എന്തെന്നാൽ യേശുവിന്റെ സാക്ഷ്യമാകുന്നു പ്രവചനത്തിന്റെ ആത്മാവ്.

ഉല്പ. 1:26 അനന്തരം ദൈവം: നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക; അവർ സമുദ്രത്തിലുള്ള മത്സ്യത്തിന്മേലും ആകാശത്തിലുള്ള പറവജാതിയിന്മേലും മൃഗങ്ങളിന്മേലും സർവ്വഭൂമിയിന്മേലും

ഭൂമിയിൽ ഇഴയുന്ന എല്ലാ ഇഴജാതിയിന്മേലും വാഴട്ടെ എന്നു കല്പിച്ചു.

**II. യേശുവിന്റെ സാക്ഷ്യം ഏഴ് പൊൻനിലവിളക്കുകളാണ്—അവ പ്രകൃതത്തിൽ സ്വർണവും (ദിവ്യമായത്), ഇരുട്ടിൽ പ്രകാശിക്കുന്നതും, അന്യോന്യം സമാനവുമാണ്—വെളി. 1:1-2, 9-12:**

വെളി. 1:1 യേശു ക്രിസ്തുവിന്റെ വെളിപാട്, വേഗത്തിൽ സംഭവിക്കുവാനുള്ള കാര്യങ്ങൾ തന്റെ അടിമകളെ കാണിക്കുവാനായി ദൈവം അത് അവനു നൽകി; അവൻ അത് തന്റെ ദൂതനിലൂടെ തന്റെ അടിമയായ യോഹന്നാന് അയച്ച്, അടയാളങ്ങളാൽ അതിനെ അറിയിച്ചുകൊടുത്തു,

വെളി. 1:2 അവൻ ദൈവത്തിന്റെ വചനവും യേശു ക്രിസ്തുവിന്റെ സാക്ഷ്യവും, താൻ കണ്ടതൊക്കെയും സാക്ഷ്യപ്പെടുത്തി.

വെളി. 1:9 നിങ്ങളുടെ സഹോദരനും യേശുവിലുള്ള കഷ്ടതയിലും രാജ്യത്തിലും സഹിഷ്ണുതയിലും സഹപങ്കാളിയുമായ യോഹന്നാൻ എന്ന ഞാൻ, ദൈവ വചനവും യേശുവിന്റെ സാക്ഷ്യവും നിമിത്തം പത്മൊസ് എന്നു വിളിക്കപ്പെടുന്ന ദ്വീപിൽ ആയിരുന്നു.

വെളി. 1:10 കർത്തൃദിവസം ഞാൻ ആത്മാവിൽ ആയിരിക്കുകയും, എന്റെ പുറകിൽ കാഹളനാദംപോലെ ഉച്ചത്തിൽ ഒരു ശബ്ദം കേൾക്കുകയും ചെയ്തു,

വെളി. 1:11 അതു പറഞ്ഞത്, നീ കാണുന്നത് ഒരു ചുരുളിൽ എഴുതി ഏഴു സഭകൾക്ക്: എഫെസൊസിനും സ്മുർന്നയ്ക്കും പെർഗ്ഗമൊസിനും തുയഥൈരയ്ക്കും സർദ്ദിസിനും ഫിലദെൽഫ്യയ്ക്കും ലവൊദിക്യക്കും അയയ്ക്കുക.

വെളി. 1:12 എന്നോട് സംസാരിച്ച ശബ്ദം കാണുവാൻ ഞാൻ തിരിഞ്ഞു; തിരിഞ്ഞപ്പോൾ, ഏഴു, പൊൻനിലവിളക്കുകളെയും,

A. പൊൻനിലവിളക്ക് ത്രിയേക ദൈവത്തെ പ്രതീകവൽകരിക്കുന്നു; സാരാംശമെന്ന നിലയിൽ പിതാവ് പുത്രനിൽ ദേഹരൂപമെടുക്കുകയും, ദേഹരൂപമെന്ന നിലയിൽ പുത്രൻ ആത്മാവിലൂടെ ആവിഷ്കരിക്കപ്പെടുകയും, സഭകളെന്ന നിലയിൽ ആത്മാവ് പൂർണമായി സാക്ഷാൽക്കരിക്കപ്പെടുകയും ആവിഷ്കരിക്കപ്പെടുകയും ചെയ്യുന്നു; സഭകൾ യേശുവിന്റെ സാക്ഷ്യമാണ്—പുറ. 25:31-40; സെഖ. 4:2-10; വെളി. 1:10-12.

പുറ. 25:31 തങ്കംകൊണ്ടു ഒരു നിലവിളക്കു ഉണ്ടാക്കേണം. നിലവിളക്കു അടിപ്പുപണിയായിരിക്കേണം. അതിന്റെ ചുവടും തണ്ടും പുഷ്പപുടങ്ങളും മുട്ടുകളും പൂക്കളും അതിൽനിന്നു തന്നേ ആയിരിക്കേണം.

പുറ. 25:32 നിലവിളക്കിന്റെ മൂന്നു ശാഖ ഒരു വശത്തുനിന്നും നിലവിളക്കിന്റെ മൂന്നു ശാഖ മറ്റെ വശത്തുനിന്നും ഇങ്ങനെ ആറു ശാഖ അതിന്റെ പാർശ്വങ്ങളിൽനിന്നു പുറപ്പെടേണം.

പുറ. 25:33 ഒരു ശാഖയിൽ ഓരോ മുട്ടും ഓരോ പൂവുമായി ബദാംപൂപോലെ മൂന്നു പുഷ്പപുടവും മറ്റൊരു ശാഖയിൽ ഓരോ മുട്ടും ഓരോ പൂവുമായി ബദാംപൂപോലെ മൂന്നു പുഷ്പപുടവും ഉണ്ടായിരിക്കേണം; നിലവിളക്കിൽനിന്നു പുറപ്പെടുന്ന ആറു ശാഖെക്കും അങ്ങനെ തന്നേ വേണം.

പുറ. 25:34 വിളക്കുതണ്ടിലോ മുട്ടുകളോടും പൂക്കളോടും കൂടിയ ബദാംപൂപോലെ നാലു പുഷ്പപുടം ഉണ്ടായിരിക്കേണം.

| | |
|---|---|
| പുറ. 25:35 | അതിൽനിന്നുള്ള രണ്ടു ശാഖെക്കു കീഴെ ഒരു മുട്ടും മറ്റു രണ്ടു ശാഖെക്കു കീഴെ ഒരു മുട്ടും മറ്റു രണ്ടു ശാഖെക്കു കീഴെ ഒരു മുട്ടും ഇങ്ങനെ നിലവിളക്കിൽനിന്നു പുറപ്പെടുന്ന ആറു ശാഖെക്കും വേണം. |
| പുറ. 25:36 | അവയുടെ മുട്ടുകളും ശാഖകളും അതിൽനിന്നു തന്നേ ആയിരിക്കേണം; മുഴുവനും തങ്കംകൊണ്ടു ഒറ്റ അടിപ്പുപണി ആയിരിക്കേണം. |
| പുറ. 25:37 | അതിന്നു ഏഴു ദീപം ഉണ്ടാക്കി നേരെ മുമ്പോട്ടു പ്രകാശിപ്പാൻ തക്കവണ്ണം ദീപങ്ങളെ കൊളുത്തേണം. |
| പുറ. 25:38 | അതിന്റെ ചവണകളും കരിന്തിരിപ്പാത്രങ്ങളും തങ്കംകൊണ്ടു ആയിരിക്കേണം. |
| പുറ. 25:39 | അതും ഈ ഉപകരണങ്ങൾ ഒക്കെയും ഒരു താലന്തു തങ്കംകൊണ്ടു ഉണ്ടാക്കേണം. |
| പുറ. 25:40 | പർവ്വതത്തിൽവെച്ചു കാണിച്ചുതന്ന മാതൃകപ്രകാരം അവയെ ഉണ്ടാക്കുവാൻ സൂക്ഷിച്ചുകൊള്ളേണം. |
| സെഖ. 4:2 | നീ എന്തു കാണുന്നു എന്നു എന്നോടു ചോദിച്ചതിന്നു ഞാൻ: മുഴുവനും പൊന്നുകൊണ്ടുള്ളോരു വിളക്കുതണ്ടും അതിന്റെ തലെക്കൽ ഒരു കുടവും അതിന്മേൽ ഏഴു വിളക്കും അതിന്റെ തലെക്കലുള്ള ഏഴു വിളക്കിന്നു ഏഴു കുഴലും |
| സെഖ. 4:3 | അതിന്നരികെ കുടത്തിന്റെ വലത്തുഭാഗത്തു ഒന്നും ഇടത്തുഭാഗത്തു ഒന്നും ഇങ്ങനെ രണ്ടു ഒലിവുമരവും ഞാൻ കാണുന്നു എന്നു പറഞ്ഞു. |
| സെഖ. 4:4 | എന്നോടു സംസാരിക്കുന്ന ദൂതനോടു ഞാൻ: യജമാനനേ, ഇതു എന്താകുന്നു എന്നു ചോദിച്ചു. |
| സെഖ. 4:5 | എന്നോടു സംസാരിക്കുന്ന ദൂതൻ എന്നോടു: ഇതു എന്താകുന്നു എന്നു നീ അറിയുന്നില്ലയോ എന്നു ചോദിച്ചതിന്നു: ഇല്ല, യജമാനനേ, എന്നു ഞാൻ പറഞ്ഞു. |
| സെഖ. 4:6 | അവൻ എന്നോടു ഉത്തരം പറഞ്ഞതെന്തെന്നാൽ: സെരുബ്ബാബേലിനോടുള്ള യഹോവയുടെ അരുളപ്പാടാവിതു: സൈന്യത്താലല്ല, ശക്തിയാലുമല്ല, എന്റെ ആത്മാവിനാലത്രേ എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു. |
| സെഖ. 4:7 | സെരുബ്ബാബേലിന്റെ മുമ്പിലുള്ള മഹാപർവ്വതമേ, നീ ആർ? നീ സമഭൂമിയായ്തീരും; അതിന്നു കൃപ, കൃപ എന്ന ആർപ്പോടുകൂടെ അവൻ ആണിക്കല്ലു കയറ്റും. |
| സെഖ. 4:8 | യഹോവയുടെ അരുളപ്പാടു എനിക്കുണ്ടായതെന്തെന്നാൽ: |
| സെഖ. 4:9 | സെരുബ്ബാബേലിന്റെ കൈ ഈ ആലയത്തിന്നു അടിസ്ഥാനം ഇട്ടിരിക്കുന്നു; അവന്റെ കൈ തന്നേ അതു തീർക്കും; സൈന്യങ്ങളുടെ യഹോവ എന്നെ നിന്റെ അടുക്കൽ അയച്ചിരിക്കുന്നു എന്നു നീ അറിയും. |
| സെഖ. 4:10 | അല്പകാര്യങ്ങളുടെ ദിവസത്തെ ആർ തുച്ഛീകരിക്കുന്നു? സർവ്വഭൂമിയിലും ഊടാടിച്ചെല്ലുന്ന യഹോവയുടെ ഈ ഏഴു കണ്ണു സെരുബ്ബാബേലിന്റെ കയ്യിലുള്ള തൂക്കുകട്ട കണ്ടു സന്തോഷിക്കുന്നു. |
| വെളി. 1:10 | കർത്തൃദിവസം ഞാൻ ആത്മാവിൽ ആയിരിക്കുകയും, എന്റെ പുറകിൽ കാഹളനാദംപോലെ ഉച്ചത്തിൽ ഒരു ശബ്ദം കേൾക്കുകയും ചെയ്തു, |
| വെളി. 1:11 | അതു പറഞ്ഞത്, നീ കാണുന്നത് ഒരു ചുരുളിൽ എഴുതി ഏഴു |

സഭകൾക്ക്: എഫെസൊസിനും സ്മുർന്നയ്ക്കും പെർഗ്ഗമൊസിനും തുയഥൈരയ്ക്കും സർദ്ദിസിനും ഫിലദെൽഫ്യയ്ക്കും ലവൊദിക്യക്കും അയയ്ക്കുക.

വെളി. 1:12 എന്നോട് സംസാരിച്ച ശബ്ദം കാണുവാൻ ഞാൻ തിരിഞ്ഞു; തിരിഞ്ഞപ്പോൾ, ഏഴു, പൊൻനിലവിളക്കുകളെയും,

B. യേശുവിന്റെ സംഘാത ആവിഷ്കാരമായ (പ്രവൃ. 9:4-5; 1 കൊരി. 12:12), യേശുവിന്റെ സാക്ഷ്യമായ പൊൻനിലവിളക്കുകളെ അനുഭവമാക്കണമെങ്കിൽ, യേശുവിന്റെ സഹോദരന്മാരും യേശുവിലുള്ള കഷ്ടതയിലും, രാജ്യത്തിലും സഹിഷ്ണുതയിലും (വെളി. 1:9-10) സഹപങ്കാളികളും എന്ന നിലയിൽ യേശുവിന്റെ ചൂടടയാളങ്ങൾ വഹിക്കുന്നതിന് (ഗലാ. 6:17) കർത്താവായ യേശുവിന്റെ നാമത്തെ നിരന്തരം വിളിച്ചപേക്ഷിച്ചുകൊണ്ട് (1 കൊരി. 12:3, 13; റോമ. 10:12-13; വിലാ. 3:55-56) യേശുവിന്റെ ആത്മാവിനാൽ നാം നിറയപ്പെടണം (പ്രവൃ. 16:7).

പ്രവൃ. 9:4 അവൻ നിലത്തു വീണു, അവനോട്, ശൗലേ, ശൗലേ, നീ എന്നെ ഉപദ്രവിക്കുന്നത് എന്ത്? എന്നു പറയുന്ന ഒരു ശബ്ദം കേട്ടു.

പ്രവൃ. 9:5 നീ ആരാകുന്നു കർത്താവേ? എന്ന് അവൻ ചോദിച്ചതിന്, നീ ഉപദ്രവിക്കുന്ന യേശു ആകുന്നു ഞാൻ.

1 കൊരി. 12:12 എന്തെന്നാൽ ശരീരം ഒന്നും, അതിന് പല അവയവങ്ങൾ ഉണ്ടായിരിക്കുകയും, ശരീരത്തിലെ അവയവങ്ങളെല്ലാം പലതായിരിക്കെ, ഒരു ശരീരം ആയിരിക്കുന്നതുപോലെ ആകുന്നു ക്രിസ്തുവും.

പ്രവൃ. 16:7 അവർ മുസ്യയിൽ വന്നപ്പോൾ, ബിഥുന്യക്കു പോകുവാൻ ശ്രമിച്ചു, എങ്കിലും യേശുവിന്റെ ആത്മാവ് അവരെ അനുവദിച്ചില്ല.

1 കൊരി. 12:3 അതിനാൽ ദൈവാത്മാവിൽ സംസാരിക്കുന്ന ആരും യേശു ശപിക്കപ്പെട്ടവൻ എന്നു പറയുകയില്ല; പരിശുദ്ധാത്മാവിൽ അല്ലാതെ, യേശു കർത്താവ് എന്നു പറയുവാൻ ആർക്കും കഴിയുകയുമില്ല എന്ന് ഞാൻ നിങ്ങളെ അറിയിക്കുന്നു.

1 കൊരി. 12:13 യെഹൂദന്മാരോ യവനന്മാരോ ആകട്ടെ, അടിമകളോ സ്വതന്ത്രരോ ആകട്ടെ, നമ്മെ എല്ലാവരെയും ഒരു ആത്മാവിൽ ഒരു ശരീരത്തിലേക്ക് സ്നാനപ്പെടുത്തുകയും, എല്ലാവർക്കും ഒരു ആത്മാവിനെ പാനം ചെയ്യുവാൻ നൽകുകയും ചെയ്തു.

റോമ. 10:12 യെഹൂദനും യവനനും തമ്മിൽ യാതൊരു വ്യത്യാസവും ഇല്ല, ഒരേ കർത്താവുതന്നെ എല്ലാവരുടെയും കർത്താവും, അവനെ വിളിച്ചപേക്ഷിക്കുന്ന എല്ലാവർക്കും സമ്പന്നനും ആകുന്നു;

റോമ. 10:13 "കർത്താവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും."

വിലാ. 3:55 യഹോവേ, ഞാൻ ആഴമുള്ള കുണ്ടറയിൽനിന്നു നിന്റെ നാമത്തെ വിളിച്ചപേക്ഷിച്ചിരിക്കുന്നു.

വിലാ. 3:56 എന്റെ നെടുവീർപ്പിന്നും എന്റെ നിലവിളിക്കും ചെവി പൊത്തിക്കളയരുതേ എന്നുള്ള എന്റെ പ്രാർത്ഥന നീ കേട്ടിരിക്കുന്നു.

ഗലാ. 6:17 ഇനി ആരും എന്നെ അസഹ്യപ്പെടുത്താതിരിക്കട്ടെ, ഞാൻ എന്റെ ശരീരത്തിൽ യേശുവിന്റെ ചൂടടയാളങ്ങൾ വഹിക്കുന്നുവല്ലോ.

വെളി. 1:9 നിങ്ങളുടെ സഹോദരനും യേശുവിലുള്ള കഷ്ടതയിലും രാജ്യത്തിലും സഹിഷ്ണുതയിലും സഹപങ്കാളിയുമായ

യോഹന്നാൻ എന്ന ഞാൻ, ദൈവ വചനവും യേശുവിന്റെ സാക്ഷ്യവും നിമിത്തം പത്മൊസ് എന്നു വിളിക്കപ്പെടുന്ന ദ്വീപിൽ ആയിരുന്നു.

വെളി. 1:10 കർത്തൃദിവസം ഞാൻ ആത്മാവിൽ ആയിരിക്കുകയും, എന്റെ പുറകിൽ കാഹളനാദംപോലെ ഉച്ചത്തിൽ ഒരു ശബ്ദം കേൾക്കുകയും ചെയ്തു,

C. ഒരു വിളക്കുതണ്ട് രൂപപ്പെടുത്തുന്നതിന് സ്വർണത്തിന്റെ അടിപ്പുപണി ക്രിസ്തുവിന്റെ കഷ്ടങ്ങളിലുള്ള വിശ്വാസികളുടെ പങ്കാളിത്തത്തെ സൂചിപ്പിക്കുന്നു; നമ്മുടെ പരിതസ്ഥിതിയിൽ സംഭവിക്കുന്നതെല്ലാം അടിപ്പുപണി ചെയ്യപ്പെട്ട നിലവിളക്ക് ഉളവാകുന്നതിനു വേണ്ടിയാണ്—പുറ. 25:31; കൊലൊ. 1:24:

പുറ. 25:31 തങ്കംകൊണ്ടു ഒരു നിലവിളക്കു ഉണ്ടാക്കേണം. നിലവിളക്കു അടിപ്പുപണിയായിരിക്കേണം. അതിന്റെ ചുവടും തണ്ടും പുഷ്പപുടങ്ങളും മുട്ടുകളും പൂക്കളും അതിൽനിന്നു തന്നേ ആയിരിക്കേണം.

കൊലൊ. 1:24 ഇപ്പോൾ ഞാൻ നിങ്ങൾക്കു വേണ്ടിയുള്ള എന്റെ കഷ്ടതകളിൽ സന്തോഷിക്കുകയും ക്രിസ്തുവിന്റെ പീഡകളിൽ കുറവുള്ളത് എന്റെ ജഡത്തിൽ അവന്റെ ശരീരമായ സഭയ്ക്കുവേണ്ടി എന്റെ ഭാഗത്ത് പൂരിപ്പിക്കുകയും ചെയ്യുന്നു;

1. ആത്മാവിന്റെ ആന്തരിക പ്രവർത്തനത്തിനും ബാഹ്യ പരിതസ്ഥിതിക്കും സമർപ്പിച്ചുകൊണ്ട് ദൈവത്തെ അറിയുവാൻ നമ്മുടെ മനസ്സിനെ നാം ഉറപ്പിക്കുന്നുവെങ്കിൽ ഓരോ പരിതസ്ഥിതിയും അവനെ അറിയുവാൻ നമുക്ക് ഒരു അവസരമായിത്തീരും—ഹോശേ. 6:1-3; ഫിലി. 3:10; എഫെ. 6:20; പ്ര.നി. ഉല്പ. 41:42.

ഹോശേ. 6:1 വരുവിൻ നാം യഹോവയുടെ അടുക്കലേക്കു ചെല്ലുക. അവൻ നമ്മെ കടിച്ചു കീറിയിരിക്കുന്നു; അവൻ സൗഖ്യമാക്കും; അവൻ നമ്മെ അടിച്ചിരിക്കുന്നു; അവൻ മുറിവു കെട്ടും.

ഹോശേ. 6:2 രണ്ടു ദിവസം കഴിഞ്ഞിട്ടു അവൻ നമ്മെ ജീവിപ്പിക്കും; മൂന്നാം ദിവസം അവൻ നമ്മെ എഴുന്നേല്പിക്കും; നാം അവന്റെ മുമ്പാകെ ജീവിക്കയും ചെയ്യും.

ഹോശേ. 6:3 നാം അറിഞ്ഞുകൊൾക; യഹോവയെ അറിവാൻ നാം ഉത്സാഹിക്ക; അവന്റെ ഉദയം പ്രഭാതംപോലെ നിശ്ചയമുള്ളതു; അവൻ മഴപോലെ, ഭൂമിയെ നനെക്കുന്ന പിൻമഴപോലെ തന്നേ, നമ്മുടെ അടുക്കൽ വരും.

ഫിലി. 3:10 അവന്റെ മരണത്തോട് അനുരൂപപ്പെട്ടുകൊണ്ട്, അവനെയും അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയെയും അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയെയും അറിഞ്ഞ്,

എഫെ. 6:20 അതിനായി ഞാൻ ചങ്ങലയിൽ ഒരു സ്ഥാനപതി ആകുന്നു, അതിൽ ഞാൻ സംസാരിക്കേണ്ടതുപോലെ ധൈര്യമായി സംസാരിക്കുവാൻ തന്നെ.

ഉല്പ. 41:42 ഫറവോൻ തന്റെ കയ്യിൽനിന്നു മുദ്രമോതിരം ഊരി, യോസേഫിന്റെ കൈക്കു ഇട്ടു, അവനെ നേർമ്മയുള്ള

വസ്ത്രം ധരിപ്പിച്ചു, ഒരു സ്വർണ്ണസരപ്പളിയും അവന്റെ കഴുത്തിൽ ഇട്ടു.

2. ഒരു മനുഷ്യൻ തന്റെ ജീവിതകാലത്ത് ദൈവത്തെ അറിയുന്നില്ലെങ്കിൽ, അവൻ തന്റെ മുഴുവൻ ജീവിതവും പാഴാക്കിയിരിക്കുന്നു; നാം അവനെ കൂടുതൽ അറിയത്തക്കവണ്ണം നമ്മുടെ പരിതസ്ഥിതികളിലുള്ള അവന്റെ ഇടപെടലുകൾ സ്വീകരിക്കുവാൻ കർത്താവ് നമ്മെ മനസ്സുള്ളവരാക്കട്ടെ—2 കൊരി. 4:16-18; 12:7-9; പ്ര.നി. യെശ. 7:14-15; 2 കൊരി. 5:14-15.

| | |
|---|---|
| 2 കൊരി. 4:16 | അതുകൊണ്ട് ഞങ്ങൾ അധൈര്യപ്പെട്ടുപോകുന്നില്ല; എന്നാൽ ഞങ്ങളുടെ പുറത്തെ മനുഷ്യൻ ക്ഷയിച്ചുപോകുന്നെങ്കിലും ഞങ്ങളുടെ അകത്തെ മനുഷ്യൻ ദിനംപ്രതി പുതുക്കപ്പെടുന്നു. |
| 2 കൊരി. 4:17 | ഞങ്ങളുടെ ക്ഷണികമായ ലഘു ക്ലേശം ഞങ്ങൾക്കുവേണ്ടി, അതിയായി കവിയുന്ന, നിത്യമായ ഘന തേജസ്സ് പുറപ്പെടുവിക്കുന്നു, |
| 2 കൊരി. 4:18 | എന്തുകൊണ്ടെന്നാൽ ഞങ്ങൾ കാണുന്നവയെ അല്ല കാണാത്തവയെ അത്രേ കരുതുന്നത്; കാണുന്നവ താൽക്കാലികവും, കാണാത്തവ നിത്യവും ആകുന്നു. |
| 2 കൊരി. 12:7 | വെളിപാടുകളുടെ അതിവിശിഷ്ടത നിമിത്തം, ഞാൻ അത്യന്തം ഉയർത്തപ്പെടാതിരിക്കേണ്ടതിന്, എനിക്ക് ജഡത്തിൽ ഒരു മുള്ള്, സാത്താന്റെ ഒരു ദൂതനെ, എന്നെ ഇടിക്കേണ്ടതിന് തന്നിരിക്കുന്നു, ഞാൻ അത്യന്തം ഉയർത്തപ്പെടാതിരിക്കേണ്ടതിന് തന്നെ. |
| 2 കൊരി. 12:8 | അത് എന്നെ വിട്ടുപോകേണ്ടതിന്, ഇതിനെക്കുറിച്ച് ഞാൻ മൂന്നു പ്രാവശ്യം കർത്താവിനോട് അപേക്ഷിച്ചു. |
| 2 കൊരി. 12:9 | അവൻ എന്നോട്, എന്റെ കൃപ നിനക്ക് മതി, എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരുന്നു എന്ന് പറഞ്ഞു. അതുകൊണ്ട് ക്രിസ്തുവിന്റെ ശക്തി എന്റെമേൽ കൂടാരമടിക്കേണ്ടതിന്, ഞാൻ അതിസന്തോഷത്തോടെ എന്റെ ബലഹീനതകളിൽ പ്രശംസിക്കും. |
| യെശ. 7:14 | അതുകൊണ്ടു കർത്താവു തന്നേ നിങ്ങൾക്കു ഒരു അടയാളം തരും: കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും; അവന്നു ഇമ്മാനൂവേൽ എന്നു പേർ വിളിക്കും. |
| യെശ. 7:15 | തിന്മ തള്ളി നന്മ തിരഞ്ഞെടുപ്പാൻ പ്രായമാകുംവരെ അവൻ തൈരും തേനുംകൊണ്ടു ഉപജീവിക്കും. |
| 2 കൊരി. 5:14 | ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ നിർബന്ധിക്കുന്നു, എല്ലാവർക്കും വേണ്ടി ഒരുവൻ മരിച്ചതുകൊണ്ട് എല്ലാവരും മരിച്ചു എന്നും, |
| 2 കൊരി. 5:15 | ജീവിക്കുന്നവർ ഇനി തങ്ങൾക്കുതന്നെയല്ല, തങ്ങൾക്കുവേണ്ടി മരിച്ചിട്ട് ഉയിർപ്പിക്കപ്പെട്ടവന് ജീവിക്കേണ്ടതിനത്രേ അവൻ എല്ലാവർക്കും വേണ്ടി മരിച്ചതെന്നും ഞങ്ങൾ തീർപ്പുവരുത്തിയിരിക്കുന്നു. |

3. പ്രയാസങ്ങളുടെയും പരിശോധനകളുടെയും നടുവിൽ വലിയ വെളിച്ചമായി കർത്താവിനെ ഒരുവൻ കണ്ടുമുട്ടുന്നുണ്ടോ ഇല്ലയോ എന്നതാണ് കാതലായ കാര്യം; കഷ്ടങ്ങൾ കൂടാതെ നമുക്ക് മനസ്സിലാക്കുവാൻ കഴിയാത്ത കാര്യങ്ങൾ

മനസ്സിലാക്കുവാൻ കഷ്ടങ്ങൾ നമ്മെ സഹായിക്കും—1:8-9; പ്ര.നി. എഫെ. 1:17; ലൂക്കൊ. 1:78-79.

2 കൊരി. 1:8 സഹോദരന്മാരേ, ആസ്യയിൽ ഞങ്ങൾക്കുണ്ടായ ക്ലേശത്തെക്കുറിച്ച് നിങ്ങൾ അജ്ഞരായിരിക്കണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നില്ല, ഞങ്ങൾ ജീവനോടിരിക്കുമോ എന്നുപോലും നിരാശപ്പെടുമാറ്, ഞങ്ങളുടെ ശക്തിക്ക് അതീതമായി, ഞങ്ങൾ അത്യധികം ഭാരപ്പെട്ടു.

2 കൊരി. 1:9 ഞങ്ങളിൽ അല്ല, മരിച്ചവരെ ഉയിർപ്പിക്കുന്ന ദൈവത്തിന്മേൽ ഞങ്ങളുടെ നിശ്ചയം വച്ചുകൊള്ളേണ്ടതിന്, തീർച്ചയായും ഞങ്ങളിൽത്തന്നെ മരണത്തിന്റെ പ്രത്യുത്തരം ഞങ്ങൾക്ക് ഉണ്ടായിരുന്നു;

എഫെ. 1:17 നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ ദൈവവും, തേജസ്സിന്റെ പിതാവുമായവൻ, തന്നെക്കുറിച്ചുള്ള പൂർണ പരിജ്ഞാനത്തിൽ നിങ്ങൾക്ക് ജ്ഞാനത്തിന്റെയും വെളിപാടിന്റെയും ആത്മാവിനെ തരേണ്ടതിനും,

ലൂക്കൊ. 1:78 നമ്മുടെ ദൈവത്തിന്റെ കരുണാമയമായ മനസ്സലിവുകളാൽ, ഉയരത്തിൽനിന്ന് ഉദയ സൂര്യൻ നമ്മെ സന്ദർശിക്കും,

ലൂക്കൊ. 1:79 അന്ധകാരത്തിലും മരണത്തിന്റെ നിഴലിലും ഇരിക്കുന്നവരുടെമേൽ പ്രകാശിക്കുവാനും, സമാധാനത്തിന്റെ വഴിയിലേക്ക് നമ്മുടെ കാലുകളെ വഴികാട്ടുവാനും തന്നെ.

D. പൊൻനിലവിളക്കുകളുടെ പ്രകാശം മനുഷ്യപുത്രനായ തേജോമയനായ ക്രിസ്തു അവരുടെ നടുവിൽ നടക്കുന്ന ദർശനം ആളുകൾ കാണുന്നതിനുവേണ്ടിയാണ്; എന്നെന്നേക്കും ജീവിക്കുന്നവനെന്ന നിലയിൽ സഭകളുടെ നടുവിലുള്ള കർത്താവിനെ അറിയുന്നതിലൂടെ, നമ്മുടെ ആത്മാവിൽ എപ്പോഴും അവന്റെ സാന്നിധ്യം നമുക്ക് ഉറപ്പാക്കുവാൻ കഴിയും; നമുക്കുവേണ്ടി മധ്യസ്ഥത ചെയ്യുവാൻ അവൻ എപ്പോഴും ജീവിക്കുകയും, അവൻ ഇപ്പോൾ നമുക്കുവേണ്ടി ദൈവത്തിന്റെ മുഖത്തിനു മുമ്പാകെ പ്രത്യക്ഷപ്പെടുകയും ചെയ്യുന്നു, അവൻ നമ്മെ ഒരിക്കലും പരാജയപ്പെടുത്തുകയോ ഉപേക്ഷിക്കുകയോ ചെയ്യുകയില്ല—വെളി. 1:12-18; 2:1; 2 തിമൊ. 4:22; എബ്രാ. 7:25; 9:24; സംഖ്യാ. 6:22-27; ആവ. 31:6.

വെളി. 1:12 എന്നോട് സംസാരിച്ച ശബ്ദം കാണുവാൻ ഞാൻ തിരിഞ്ഞു; തിരിഞ്ഞപ്പോൾ, ഏഴു, പൊൻനിലവിളക്കുകളെയും,

വെളി. 1:13 നിലവിളക്കുകളുടെ മധ്യേ, പാദം വരെ നീളമുള്ള അങ്കി ധരിച്ചും മാറത്തു പൊൻകച്ച കെട്ടിയും, മനുഷ്യപുത്രനു സദൃശനായ ഒരുവനെയും ഞാൻ കണ്ടു.

വെളി. 1:14 അവന്റെ തലയും തലമുടിയും വെള്ളപ്പഞ്ഞിപോലെ, ഹിമത്തോളം വെളുത്തതും; അവന്റെ കണ്ണുകൾ അഗ്നിജ്വാലപോലെയും ആയിരുന്നു;

വെളി. 1:15 അവന്റെ പാദങ്ങൾ ഉലയിൽ ചുട്ടുപഴുപ്പിച്ച തിളങ്ങുന്ന താമ്രത്തിനു സദൃശവും, അവന്റെ ശബ്ദം പെരുവെള്ളത്തിന്റെ ഇരച്ചിൽപോലെയും ആയിരുന്നു.

വെളി. 1:16 അവന്റെ വലം കൈയിൽ ഏഴു നക്ഷത്രങ്ങൾ ഉണ്ടായിരുന്നു;

| | |
|---|---|
| | അവന്റെ വായിൽനിന്ന് മൂർച്ചയേറിയ ഇരുവായ്ത്തലവാൾ പുറപ്പെടുകയും; അവന്റെ മുഖം സൂര്യൻ അതിന്റെ ശക്തിയിൽ പ്രകാശിക്കുന്നതുപോലെ ശോഭിക്കുകയും ചെയ്തു. |
| വെളി. 1:17 | അവനെ കണ്ടപ്പോൾ, ഞാൻ മരിച്ചവനെപ്പോലെ അവന്റെ കാൽക്കൽ വീണു; അവനോ തന്റെ വലം കൈ എന്റെമേൽ വച്ചു പറഞ്ഞത്, ഭയപ്പെടേണ്ട; ഞാൻ ഒന്നാമത്തവനും ഒടുക്കത്തവനും |
| വെളി. 1:18 | ജീവനുള്ളവനും ആകുന്നു; ഞാൻ മരിച്ചവനായിത്തീർന്നു, ഇതാ എന്നെന്നേക്കും ജീവിക്കുന്നു; മരണത്തിന്റെയും പാതാളത്തിന്റെയും താക്കോലുകൾ എന്റെ കൈവശമുണ്ട്. |
| വെളി. 2:1 | എഫെസൊസിലുള്ള സഭയുടെ ദൂതന് എഴുതുക: തന്റെ വലം കൈയിൽ ഏഴു നക്ഷത്രങ്ങൾ പിടിച്ചുംകൊണ്ട് ഏഴു പൊൻനിലവിളക്കുകളുടെ മധ്യേ, നടക്കുന്നവൻ അരുളിച്ചെയ്യുന്നു: |
| 2 തിമൊ. 4:22 | കർത്താവ് നിന്റെ ആത്മാവോടുകൂടെ ഇരിക്കട്ടെ. കൃപ നിങ്ങളോടു കൂടെ ഇരിക്കട്ടെ. |
| എബ്രാ. 7:25 | അതിനാൽ അവനിലൂടെ ദൈവത്തിന്റെ അടുക്കൽ മുമ്പോട്ടു കടന്നു വരുന്നവർക്കു വേണ്ടി പക്ഷവാദം ചെയ്യുവാൻ അവൻ എപ്പോഴും ജീവിക്കുന്നതിനാൽ, അവരെ അങ്ങേയറ്റം രക്ഷിക്കുവാൻ പ്രാപ്തനാകുന്നു. |
| എബ്രാ. 9:24 | എന്തെന്നാൽ ക്രിസ്തു വാസ്തവമായതിന്റെ പ്രതിരൂപമായ, കൈപ്പണിയായ വിശുദ്ധസ്ഥലത്തേക്കല്ല, ഇപ്പോൾ നമുക്കുവേണ്ടി ദൈവത്തിന്റെ മുഖത്തിനു മുമ്പാകെ പ്രത്യക്ഷനാകുവാൻ സ്വർഗത്തിലേക്കത്രേ പ്രവേശിച്ചത്; |
| സംഖ്യ. 6:22 | യഹോവ പിന്നെയും മോശെയോടു അരുളിച്ചെയ്തതു: |
| സംഖ്യ. 6:23 | നീ അഹരോനോടും പുത്രന്മാരോടും പറയേണ്ടതു: നിങ്ങൾ യിസ്രായേൽമക്കളെ അനുഗ്രഹിച്ചു ചൊല്ലേണ്ടതു എന്തെന്നാൽ: |
| സംഖ്യ. 6:24 | യഹോവ നിന്നെ അനുഗ്രഹിച്ചു കാക്കുമാറാകട്ടെ; |
| സംഖ്യ. 6:25 | യഹോവ തിരുമുഖം നിന്റെമേൽ പ്രകാശിപ്പിച്ചു നിന്നോടു കൃപയുള്ളവനാകട്ടെ; |
| സംഖ്യ. 6:26 | യഹോവ തിരുമുഖം നിന്റെമേൽ ഉയർത്തി നിനക്കു സമാധാനം നല്കുമാറാകട്ടെ. |
| സംഖ്യ. 6:27 | ഇങ്ങനെ അവർ യിസ്രായേൽമക്കളുടെ മേൽ എന്റെ നാമം വെക്കേണം; ഞാൻ അവരെ അനുഗ്രഹിക്കും. |
| ആവ. 31:6 | ബലവും ധൈര്യവുമുള്ളവരായിരിപ്പിൻ; അവരെ പേടിക്കരുതു, ഭ്രമിക്കയുമരുതു; നിന്റെ ദൈവമായ യഹോവ തന്നേ നിന്നോടുകൂടെ പോരുന്നു; അവൻ നിന്നെ കൈവിടുകയില്ല, ഉപേക്ഷിക്കയുമില്ല. |

E. പൊൻനിലവിളക്കുകളിലെ ഏഴ് ദീപങ്ങളുടെ പ്രകാശവും, അഗ്നിജ്വാല പോലുള്ള അവന്റെ ഏഴ് കണ്ണുകളോടും, തിളങ്ങുന്ന താമ്രം പോലുള്ള അവന്റെ പാദങ്ങളോടും, സൂര്യനെപ്പോലെയുള്ള അവന്റെ മുഖത്തിന്റെ പ്രകാശിക്കലോടുംകൂടെ അവരുടെ നടുവിൽ കർത്താവായ യേശു നടക്കുന്നു എന്നത് രക്ഷിക്കുകയും, പുനഃസ്ഥാപിക്കുകയും, ഉണർത്തുകയും, ദൈവവൽക്കരിക്കുകയും ചെയ്യുന്ന അവന്റെ അധികമധികമായ മേയ്പിനുവേണ്ടി നമ്മുടെ ദൈനംദിന ജീവിതത്തിലും സഭാജീവിതത്തിലും ദിനംപ്രതി കർത്താവിന്റെ

പ്രകാശം നമുക്ക് കൂടുതൽ കൂടുതൽ ആവശ്യമാണെന്ന് സൂചിപ്പിക്കുന്നു—വെളി. 1:14-15, 16; 4:5; 5:6; ലൂക്കൊ. 1:78-79; 2 കൊരി. 4:6-7; മലാ. 4:2; സദൃ. 4:18; സങ്കീ. 22, ശീർഷകം; 80:1-3, 7, 15-19.

| | |
|---|---|
| വെളി. 1:14b | ...അവന്റെ കണ്ണുകൾ അഗ്നിജ്വാലപോലെയും ആയിരുന്നു; |
| വെളി. 1:15a | അവന്റെ പാദങ്ങൾ ഉലയിൽ ചുട്ടുപഴുപ്പിച്ച തിളങ്ങുന്ന താമ്രത്തിനു സദൃശവും,... |
| വെളി. 1:16b | ...അവന്റെ മുഖം സൂര്യൻ അതിന്റെ ശക്തിയിൽ പ്രകാശിക്കുന്നതുപോലെ ശോഭിക്കുകയും ചെയ്തു. |
| വെളി. 4:5 | സിംഹാസനത്തിൽ നിന്ന് മിന്നലും നാദവും ഇടിമുഴക്കവും പുറപ്പെടുന്നു. സിംഹാസനത്തിനു മുമ്പിൽ ജ്വലിച്ചുകൊണ്ടിരിക്കുന്ന ഏഴു ദീപങ്ങൾ ഉണ്ടായിരുന്നു, അവ ദൈവത്തിന്റെ ഏഴ് ആത്മാക്കൾ ആകുന്നു; |
| വെളി. 5:6 | സിംഹാസനത്തിന്റെയും നാലു ജീവികളുടെയും നടുവിലും മൂപ്പന്മാരുടെ മധ്യത്തിലും ഇപ്പോൾ അറുക്കപ്പെട്ടതുപോലെ ഒരു കുഞ്ഞാട് നിൽക്കുന്നതു ഞാൻ കണ്ടു, അതിന് ഏഴു കൊമ്പുകളും, സർവഭൂമിയിലേക്കും അയച്ചിരിക്കുന്ന ദൈവത്തിന്റെ ഏഴ് ആത്മാക്കളായ, ഏഴു കണ്ണുകളും ഉണ്ട്. |
| ലൂക്കൊ. 1:78 | നമ്മുടെ ദൈവത്തിന്റെ കരുണാമയമായ മനസ്സലിവുകളാൽ, ഉയരത്തിൽനിന്ന് ഉദയ സൂര്യൻ നമ്മെ സന്ദർശിക്കും, |
| ലൂക്കൊ. 1:79 | അന്ധകാരത്തിലും മരണത്തിന്റെ നിഴലിലും ഇരിക്കുന്നവരുടെമേൽ പ്രകാശിക്കുവാനും, സമാധാനത്തിന്റെ വഴിയിലേക്ക് നമ്മുടെ കാലുകളെ വഴികാട്ടുവാനും തന്നെ. |
| 2 കൊരി. 4:6 | എന്തുകൊണ്ടെന്നാൽ ഇരുട്ടിൽനിന്ന് വെളിച്ചം പ്രകാശിക്കും എന്ന് പറഞ്ഞ ദൈവമാകുന്നു, യേശു ക്രിസ്തുവിന്റെ മുഖത്തിലുള്ള ദൈവതേജസ്സിന്റെ പരിജ്ഞാനം ശോഭിക്കുവാൻ ഞങ്ങളുടെ ഹൃദയങ്ങളിൽ പ്രകാശിച്ചവൻ. |
| 2 കൊരി. 4:7 | എന്നാൽ ഈ ശക്തിയുടെ ശ്രേഷ്ഠത ഞങ്ങളിൽ നിന്നല്ല ദൈവത്തിൽ നിന്നത്രേ എന്നു വരേണ്ടതിന്, ഈ നിധി ഞങ്ങൾക്ക് മൺപാത്രങ്ങളിലത്രേ ഉള്ളത്. |
| മലാ. 4:2 | എന്റെ നാമത്തെ ഭയപ്പെടുന്ന നിങ്ങൾക്കോ നീതിസൂര്യൻ തന്റെ ചിറകിൻകീഴിൽ രോഗോപശാന്തിയോടുകൂടെ ഉദിക്കും; നിങ്ങളും പുറപ്പെട്ടു തൊഴുത്തിൽനിന്നു വരുന്ന പശുക്കിടാക്കളെപ്പോലെ തുള്ളിച്ചാടും. |
| സദൃ. 4:18 | നീതിമാന്മാരുടെ പാതയോ പ്രഭാതത്തിന്റെ വെളിച്ചംപോലെ; അതു നട്ടുച്ചവരെ അധികമധികം ശോഭിച്ചു വരുന്നു. |
| Psa 22, title | സംഗീതപ്രമാണിക്കു; ഉഷസ്സിൻ മാൻ പേട എന്ന രാഗത്തിൽ; ദാവീദിന്റെ ഒരു സങ്കീർത്തനം. |
| സങ്കീ. 80:1 | സംഗീതപ്രമാണിക്കു; സാരസസാക്ഷ്യം എന്ന രാഗത്തിൽ; ആസാഫിന്റെ ഒരു സങ്കീർത്തനം. ആട്ടിൻകൂട്ടത്തെപ്പോലെ യോസേഫിനെ നടത്തുന്നവനായി യിസ്രായേലിന്റെ ഇടയനായുള്ളോവേ, ചെവിക്കൊള്ളേണമേ; കെരൂബുകളിന്മേൽ അധിവസിക്കുന്നവനേ, പ്രകാശിക്കേണമേ. |
| സങ്കീ. 80:2 | എഫ്രയീമും ബെന്യാമീനും മനശ്ശെയും കാൺകെ നിന്റെ വീര്യബലം ഉണർത്തി ഞങ്ങളുടെ രക്ഷെക്കായി വരേണമേ. |
| സങ്കീ. 80:3 | ദൈവമേ, ഞങ്ങളെ യഥാസ്ഥാനപ്പെടുത്തേണമേ; ഞങ്ങൾ |

രക്ഷപ്പെടേണ്ടതിന്നു തിരുമുഖം പ്രകാശിപ്പിക്കേണമേ.

സങ്കീ. 80:7 സൈന്യങ്ങളുടെ ദൈവമേ, ഞങ്ങളെ യഥാസ്ഥാനപ്പെടുത്തേണമേ; ഞങ്ങൾ രക്ഷപ്പെടേണ്ടതിന്നു തിരുമുഖം പ്രകാശിപ്പിക്കേണമേ.

സങ്കീ. 80:15 നിന്റെ വലങ്കൈ നട്ടിട്ടുള്ളതിനെയും നീ നിനക്കായി വളർത്തിയ തൈയെയും പാലിക്കേണമേ.

സങ്കീ. 80:16 അതിനെ തീ വെച്ചു ചുടുകയും വെട്ടിക്കളകയും ചെയ്തിരിക്കുന്നു; നിന്റെ മുഖത്തിന്റെ ഭർത്സനത്താൽ അവർ നശിച്ചുപോകുന്നു.

സങ്കീ. 80:17 നിന്റെ കൈ നിന്റെ വലത്തുഭാഗത്തെ പുരുഷന്റെമേൽ നീ നിനക്കായി വളർത്തിയ മനുഷ്യപുത്രന്റെമേൽതന്നേ ഇരിക്കട്ടെ.

സങ്കീ. 80:18 എന്നാൽ ഞങ്ങൾ നിന്നെ വിട്ടു പിന്മാറുകയില്ല; ഞങ്ങളെ ജീവിപ്പിക്കേണമേ, എന്നാൽ ഞങ്ങൾ നിന്റെ നാമത്തെ വിളിച്ചപേക്ഷിക്കും.

സങ്കീ. 80:19 സൈന്യങ്ങളുടെ ദൈവമായ യഹോവേ, ഞങ്ങളെ യഥാസ്ഥാനപ്പെടുത്തേണമേ; ഞങ്ങൾ രക്ഷപ്പെടേണ്ടതിന്നു തിരുമുഖം പ്രകാശിപ്പിക്കേണമേ.

F. പ്രകാശിപ്പിക്കൽ ദൈവത്തിന്റെ കരുണയിൽ അധിഷ്ഠിതമാണ്; ദൈവം വരുകയും അവന്റെ കരുണ ചൊരിയുകയും ചെയ്യുമ്പോഴെല്ലാം, അവന്റെ മുഖപ്രകാശത്തിന്റെ വെളിച്ചം നമ്മുടെ വെളിച്ചവും, അവന്റെ പ്രത്യക്ഷത നമ്മുടെ ദർശനവും, അവന്റെ സാന്നിധ്യം നമ്മുടെ നേട്ടവുമാണ്—റോമ. 9:15; പ്രവൃ. 9:3-4; യെശ. 50:10-11; സംഖ്യാ. 6:25-26:

റോമ. 9:15 എന്തെന്നാൽ മോശെയോട് അവൻ പറയുന്നു, "എനിക്ക് കരുണ തോന്നുന്നവനോട് എനിക്ക് കരുണ തോന്നും, എനിക്ക് മനസ്സലിവ് തോന്നുന്നവനോട് എനിക്ക് മനസ്സലിവ് തോന്നും."

പ്രവൃ. 9:3 അവൻ പോകുമ്പോൾ, അവൻ ദമസ്കൊസിനു സമീപം എത്തി, പെട്ടെന്ന് സ്വർഗത്തിൽനിന്ന് ഒരു വെളിച്ചം അവനു ചുറ്റം മിന്നി.

പ്രവൃ. 9:4 അവൻ നിലത്തു വീണു, അവനോട്, ശൗലേ, ശൗലേ, നീ എന്നെ ഉപദ്രവിക്കുന്നത് എന്ത്? എന്നു പറയുന്ന ഒരു ശബ്ദം കേട്ടു.

യെശ. 50:10 നിങ്ങളിൽ യഹോവയെ ഭയപ്പെടുകയും അവന്റെ ദാസന്റെ വാക്കു കേട്ടനുസരിക്കയും ചെയ്യുന്നവൻ ആർ? തനിക്കു പ്രകാശം ഇല്ലാതെ അന്ധകാരത്തിൽ നടന്നാലും അവൻ യഹോവയുടെ നാമത്തിൽ ആശ്രയിച്ചു തന്റെ ദൈവത്തിന്മേൽ ചാരിക്കൊള്ളട്ടെ.

യെശ. 50:11 ഹാ, തീ കത്തിച്ചു തീയമ്പുകൾ അരെക്കു കെട്ടുന്നവരേ, നിങ്ങൾ എല്ലാവരും നിങ്ങളുടെ തീയുടെ വെളിച്ചത്തിലും നിങ്ങൾ കൊളുത്തിയിരിക്കുന്ന തീയമ്പുകളുടെ ഇടയിലും നടപ്പിൻ; എന്റെ കയ്യാൽ ഇതു നിങ്ങൾക്കു ഭവിക്കും; നിങ്ങൾ വ്യസനത്തോടെ കിടക്കേണ്ടിവരും.

സംഖ്യ. 6:25 യഹോവ തിരുമുഖം നിന്റെമേൽ പ്രകാശിപ്പിച്ചു നിന്നോടു കൃപയുള്ളവനാകട്ടെ;

സംഖ്യ. 6:26 യഹോവ തിരുമുഖം നിന്റെമേൽ ഉയർത്തി നിനക്കു സമാധാനം നല്കുമാറാകട്ടെ.

1. പ്രകാശിപ്പിക്കപ്പെടുവാനായി, നമ്മുടെ സകല വാഞ്ഛയോടുംകൂടെ കർത്താവിനെ മാത്രം അന്വേഷിക്കുന്നതിൽ നമ്മുടെ ഹൃദയത്തെ

ഏകാഗ്രമാക്കിക്കൊണ്ട് നാം കർത്താവിന്റെ പ്രകാശം ആഗ്രഹിക്കുകയും സ്വീകരിക്കുകയും വേണം—സങ്കീ. 139:23-24; ഫിലി. 2:12-16; 2 ദിന. 12:14; 16:12; 34:1-3; സങ്കീ. 27:8; 73:25; ലൂക്കൊ. 11:33-36.

| | |
|---|---|
| സങ്കീ. 139:23 | ദൈവമേ, എന്നെ ശോധന ചെയ്തു എന്റെ ഹൃദയത്തെ അറിയേണമേ; എന്നെ പരീക്ഷിച്ചു എന്റെ നിനവുകളെ അറിയേണമേ. |
| സങ്കീ. 139:24 | വ്യസനത്തിന്നുള്ള മാർഗ്ഗം എന്നിൽ ഉണ്ടോ എന്നു നോക്കി, ശാശ്വതമാർഗ്ഗത്തിൽ എന്നെ നടത്തേണമേ. |
| ഫിലി. 2:12 | അതിനാൽ എന്റെ പ്രിയരേ, നിങ്ങൾ എപ്പോഴും അനുസരിച്ചതുപോലെ, എന്റെ സാന്നിധ്യത്തിൽ മാത്രമല്ല അതിലുപരി ഇപ്പോൾ എന്റെ അസാന്നിധ്യത്തിലും, ഭയത്തോടും വിറയലോടുംകൂടെ നിങ്ങളുടെ സ്വന്തം രക്ഷയെ പുറപ്പെടുവിക്കുവിൻ. |
| ഫിലി. 2:13 | എന്തെന്നാൽ തന്റെ സുപ്രസാദത്തിനു വേണ്ടി ഇച്ഛിക്കുന്നതിനും പ്രവർത്തിക്കുന്നതിനും നിങ്ങളിൽ വ്യാപരിക്കുന്നവൻ ദൈവമാകുന്നു. |
| ഫിലി. 2:14 | വക്രവും വികടവുമായ തലമുറയുടെ മധ്യേ നിങ്ങൾ കുറ്റമില്ലാത്തവരും കളങ്കമില്ലാത്തവരുമായി, നിഷ്കളങ്കരായ ദൈവമക്കൾ ആകേണ്ടതിന്, സകലവും പിറുപിറുപ്പുകളും വാദങ്ങളും കൂടാതെ ചെയ്യുവിൻ. |
| ഫിലി. 2:15 | ജീവന്റെ വചനത്തെ അവരുടെ മുമ്പാകെ വച്ചുകൊണ്ട് നിങ്ങൾ ലോകത്തിൽ ജ്യോതിസ്സുകളെപ്പോലെ പ്രകാശിക്കുന്നു, |
| ഫിലി. 2:16 | അങ്ങനെ ഞാൻ വ്യർഥമായി ഓടിയതുമില്ല വ്യർഥമായി അധ്വാനിച്ചതുമില്ല എന്ന് ക്രിസ്തുവിന്റെ നാളിൽ എനിക്ക് പ്രശംസ ഉണ്ടാകുമല്ലോ. |
| 2 ദിന. 12:14 | യഹോവയെ അന്വേഷിക്കേണ്ടതിന്നു മനസ്സു വെക്കാഞ്ഞതിനാൽ അവൻ ദോഷം ചെയ്തു. |
| 2 ദിന. 16:12 | ആസെക്കു തന്റെ വാഴ്ചയുടെ മുപ്പത്തൊമ്പതാം ആണ്ടിൽ കാലിൽ ദീനംപിടിച്ചു; ദീനം അതികഠിനമായിരുന്നു; എന്നാൽ അവൻ തന്റെ ദീനത്തിൽ യഹോവയെ അല്ല, വൈദ്യന്മാരെ അത്രേ അന്വേഷിച്ചതു. |
| 2 ദിന. 34:1 | യോശീയാവു വാഴ്ചതുടങ്ങിയപ്പോൾ അവന്നു എട്ടു വയസ്സായിരുന്നു; അവൻ മുപ്പത്തൊന്നു സംവത്സരം യെരൂശലേമിൽ വാണു. |
| 2 ദിന. 34:2 | അവൻ യഹോവെക്കു പ്രസാദമായുള്ളതു ചെയ്തു; തന്റെ പിതാവായ ദാവീദിന്റെ വഴികളിൽ വലത്തോട്ടോ ഇടത്തോട്ടോ മാറാതെ നടന്നു. |
| 2 ദിന. 34:3 | അവന്റെ വാഴ്ചയുടെ എട്ടാം ആണ്ടിൽ, അവന്റെ യൌവനത്തിൽ തന്നെ, അവൻ തന്റെ പിതാവായ ദാവീദിന്റെ ദൈവത്തെ അന്വേഷിച്ചുതുടങ്ങി; പന്ത്രണ്ടാം ആണ്ടിൽ അവൻ പൂജാഗിരികളെയും അശേരാപ്രതിഷ്ഠകളെയും വിഗ്രഹങ്ങളെയും ബിംബങ്ങളെയും നീക്കി യെഹൂദയെയും |

യെരൂശലേമിനെയും വെടിപ്പാക്കുവാൻ തുടങ്ങി.

സങ്കീ. 27:8 "എന്റെ മുഖം അന്വേഷിപ്പിൻ" എന്നു നിങ്കൽനിന്നു കല്പന വന്നു എന്നു എന്റെ ഹൃദയം പറയുന്നു; യഹോവേ, ഞാൻ നിന്റെ മുഖം അന്വേഷിക്കുന്നു.

സങ്കീ. 73:25 സ്വർഗ്ഗത്തിൽ എനിക്കു ആരുള്ളു? ഭൂമിയിലും നിന്നെയല്ലാതെ ഞാൻ ഒന്നും ആഗ്രഹിക്കുന്നില്ല.

ലൂക്കൊ. 11:33 വിളക്കു കത്തിച്ചശേഷം ആരും അതിനെ നിലവറയ്ക്കുള്ളിലോ പറയിൻ കീഴിലോ വയ്ക്കുന്നില്ല, ഉള്ളിലേക്കു പ്രവേശിക്കുന്നവർ വെളിച്ചം കാണേണ്ടതിന് വിളക്കുതണ്ടിന്മേലത്രേ വയ്ക്കുന്നത്.

ലൂക്കൊ. 11:34 ശരീരത്തിന്റെ വിളക്ക് നിന്റെ കണ്ണാകുന്നു. നിന്റെ കണ്ണ് ഏകാഗ്രം ആയിരിക്കുമ്പോൾ, നിന്റെ ശരീരം മുഴുവനും വെളിച്ചംകൊണ്ടു നിറഞ്ഞതാകുന്നു; എന്നാൽ അത് തിന്മയുള്ളത് ആയിരിക്കുമ്പോൾ, നിന്റെ ശരീരം ഇരുണ്ടതാകുന്നു.

ലൂക്കൊ. 11:35 അതുകൊണ്ട് നിന്നിലുള്ള വെളിച്ചം ഇരുട്ടല്ല എന്നു നോക്കിക്കൊള്ളുക.

ലൂക്കൊ. 11:36 അതുകൊണ്ട് നിന്റെ ശരീരം മുഴുവൻ വെളിച്ചത്താൽ നിറഞ്ഞതും ഇരുണ്ട ഭാഗം ഒന്നും ഇല്ലാതെയും ഇരിക്കുന്നെങ്കിൽ, വിളക്ക് അതിന്റെ രശ്മിയോടെ നിന്നെ പ്രകാശിപ്പിക്കുന്നതു പോലെ മുഴുവനും വെളിച്ചത്താൽ നിറയും.

2. പ്രകാശിപ്പിക്കപ്പെടുവാനായി, നാം നമ്മെത്തന്നെ കർത്താവിനു തുറക്കുകയും, നമ്മുടെ ഹൃദയം അവനിലേക്ക് തിരിക്കുകയും, നിരുപാധികമായും പിടിച്ചുവയ്ക്കാതെയും അവനുമുമ്പാകെ നമ്മെ വയ്ക്കുകയും വേണം; കർത്താവിന് തങ്ങളെത്തന്നെ അടയ്ക്കുന്നവർ മറ്റുള്ളവരെ വിധിക്കുന്നതിലും വിമർശിക്കുന്നതിലും വിദഗ്ധരാണ്—2 കൊരി. 3:16; സദൃ. 20:27; മത്താ. 7:1-5; ലൂക്കൊ. 6:36-37, 41-42.

2 കൊരി. 3:16 എന്നാൽ അവരുടെ ഹൃദയം കർത്താവിലേക്ക് തിരിയുമ്പോഴെല്ലാം, മൂടുപടം നീങ്ങിപ്പോകുന്നു.

സദൃ. 20:27 മനുഷ്യന്റെ ആത്മാവു യഹോവയുടെ ദീപം; അതു ഉദരത്തിന്റെ അറകളെ ഒക്കെയും ശോധനചെയ്യുന്നു.

മത്താ. 7:1 നിങ്ങൾ വിധിക്കപ്പെടാതിരിക്കേണ്ടതിന് വിധിക്കരുത്.

മത്താ. 7:2 നിങ്ങൾ വിധിക്കുന്ന വിധിയാൽ, നിങ്ങൾ വിധിക്കപ്പെടുകയും, നിങ്ങൾ അളക്കുന്ന അളവിനാൽ, നിങ്ങൾക്ക് അളക്കപ്പെടുകയും ചെയ്യും.

മത്താ. 7:3 നീ സഹോദരന്റെ കണ്ണിലെ കരട് നോക്കുകയും, എന്നാൽ നിന്റെ കണ്ണിലെ കോൽ കരുതാതിരിക്കുകയും ചെയ്യുന്നത് എന്തുകൊണ്ട്?

മത്താ. 7:4 അല്ലെങ്കിൽ ഇതാ, നിന്റെ കണ്ണിൽ കോൽ ഇരിക്കുമ്പോൾ, നിന്റെ സഹോദരനോട്, നിന്റെ കണ്ണിൽനിന്നു ഞാൻ കരട് എടുത്തുകളയട്ടെ എന്ന് എങ്ങനെ പറയും?

മത്താ. 7:5 കപടഭക്തിക്കാരാ, ആദ്യം നിന്റെ കണ്ണിൽനിന്നു കോൽ എടുത്തു കളയുക, അപ്പോൾ നിന്റെ സഹോദരന്റെ കണ്ണിൽനിന്നു കരട് എടുത്തു കളയുവാൻ നീ

വ്യക്തമായി കാണും.

ലൂക്കൊ. 6:36 നിങ്ങളുടെ പിതാവ് മനസ്സലിവു നിറഞ്ഞവൻ ആകുന്നതു പോലെ നിങ്ങളും മനസ്സലിവു നിറഞ്ഞവർ ആകുവിൻ.

ലൂക്കൊ. 6:37 വിധിക്കരുത്, നിങ്ങളും വിധിക്കപ്പെടുകയില്ല; ശിക്ഷവിധിക്കരുത്, നിങ്ങളും ശിക്ഷവിധിക്കപ്പെടുകയില്ല; വിട്ടയയ്ക്കുവിൻ, നിങ്ങളും വിട്ടയയ്ക്കപ്പെടും;

ലൂക്കൊ. 6:41 നിന്റെ സഹോദരന്റെ കണ്ണിലുള്ള കരടു നോക്കുകയും എന്നാൽ നിന്റെ സ്വന്ത കണ്ണിലുള്ള കോൽ നീ കരുതാതിരിക്കുകയും ചെയ്യുന്നത് എന്തുകൊണ്ട്?

ലൂക്കൊ. 6:42 നിന്റെ കണ്ണിലുള്ള കോൽ നീ തന്നെ കാണാതെ നിന്റെ സഹോദരനോട്, സഹോദരാ, നിന്റെ കണ്ണിലുള്ള കരടു ഞാൻ എടുത്തുകളയട്ടെ എന്നു നിനക്ക് എങ്ങനെ പറയുവാൻ കഴിയും? കപടഭക്തിക്കാരാ, ആദ്യം നിന്റെ കണ്ണിൽനിന്ന് കോൽ എടുത്തുകളയുക, അപ്പോൾ നിന്റെ സഹോദരന്റെ കണ്ണിലുള്ള കരട് എടുത്തുകളയുവാൻ നീ വ്യക്തമായി കാണും.

3. പ്രകാശിപ്പിക്കപ്പെടുവാനായി, നാം നമുക്കുതന്നെ ഒരു വിരാമമിടണം; ഇതർഥമാക്കുന്നത് നമ്മുടെ കാഴ്ചപ്പാടുകൾക്ക്, കാര്യങ്ങളെ നോക്കുന്ന നമ്മുടെ രീതികൾക്കും, നമ്മുടെ അനുഭൂതികൾക്കും, നമ്മുടെ ആശയങ്ങൾക്കും, നമ്മുടെ അഭിപ്രായങ്ങൾക്കും ഒരു വിരാമമിടുക എന്നാണ്; പൂർണമായി വിരാമമിടപ്പെട്ട ഒരു വ്യക്തി കർത്താവിന്റെ മുമ്പാകെ വരുമ്പോൾ, കർത്താവിന്റെ വചനം സ്വീകരിക്കുന്നതിൽ അവന് വളരെ ഏകാഗ്രമായവനും ലളിതനുമായിരിക്കുവാൻ കഴിയും—10:38-42; യോഹ. 11:21-28; യെശ. 40:31; മത്താ. 5:3; ലൂക്കൊ. 18:15-17; യെശ. 66:1-2.

ലൂക്കൊ. 10:38 അവർ പോകുമ്പോൾ, അവൻ ഒരു ഗ്രാമത്തിലേക്കു പ്രവേശിച്ചു, മാർത്ത എന്നു പേരുള്ള ഒരു സ്ത്രീ അവനെ അവളുടെ ഭവനത്തിലേക്കു സ്വീകരിച്ചു.

ലൂക്കൊ. 10:39 അവൾക്കു മറിയ എന്നു വിളിക്കപ്പെട്ട ഒരു സഹോദരി ഉണ്ടായിരുന്നു, അവൾ കർത്താവിന്റെ കാൽക്കൽ ഇരുന്ന് അവന്റെ വചനം ശ്രവിച്ചുകൊണ്ടിരുന്നു.

ലൂക്കൊ. 10:40 എന്നാൽ മാർത്ത അധിക സേവനത്താൽ വലഞ്ഞ്, അവൾ അവന്റെ അടുക്കൽ വന്ന്, കർത്താവേ, എന്റെ സഹോദരി എന്നെ തനിച്ചു സേവിക്കുവാൻ വിട്ടിരിക്കുന്നതിൽ നിനക്കൊന്നും ഇല്ലയോ? എങ്കിൽ എന്നോടൊപ്പം അവളുടെ പങ്ക് ചെയ്യുവാൻ അവളോടു പറയേണം എന്നു പറഞ്ഞു.

ലൂക്കൊ. 10:41 എന്നാൽ കർത്താവ് ഉത്തരം നൽകി അവളോട്, മാർത്തയേ, മാർത്തയേ, നീ അനേകം കാര്യങ്ങളെക്കുറിച്ച് വിചാരപ്പെട്ടും വ്യാകുലപ്പെട്ടുമിരിക്കുന്നു;

ലൂക്കൊ. 10:42 എന്നാൽ ഒരു കാര്യമേ ആവശ്യമുള്ളൂ, മറിയ നല്ല ഭാഗം തിരഞ്ഞെടുത്തിരിക്കുന്നു, അത് അവളിൽനിന്ന് എടുത്തുമാറ്റുകയില്ല എന്നു പറഞ്ഞു.

യോഹ. 11:21 അപ്പോൾ മാർത്ത യേശുവിനോട്, കർത്താവേ, നീ

| | |
|---|---|
| | ഇവിടെ ഉണ്ടായിരുന്നെങ്കിൽ എന്റെ സഹോദരൻ മരിക്കുകയില്ലായിരുന്നു. |
| യോഹ. 11:22 | എന്നാൽ ഇപ്പോഴും നീ ദൈവത്തോട് എന്തു ചോദിച്ചാലും, ദൈവം നിനക്കു നൽകും എന്ന് എനിക്കറിയാം എന്നു പറഞ്ഞു. |
| യോഹ. 11:23 | യേശു അവളോട്, നിന്റെ സഹോദരൻ വീണ്ടും ഉയിർക്കും എന്നു പറഞ്ഞു. |
| യോഹ. 11:24 | മാർത്ത അവനോട്, അവസാനനാളിലെ പുനരുത്ഥാനത്തിൽ അവൻ ഉയിർത്തെഴുന്നേൽക്കും എന്ന് എനിക്കറിയാം എന്നു പറഞ്ഞു. |
| യോഹ. 11:25 | യേശു അവളോട്, ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു; എന്നിലേക്ക് വിശ്വസിക്കുന്നവൻ മരിക്കേണ്ടിവന്നാലും, ജീവിക്കും; |
| യോഹ. 11:26 | ജീവിച്ചിരുന്ന് എന്നിലേക്കു വിശ്വസിക്കുന്ന ഏവനും, ഒരുവിധത്തിലും ഒരുനാളും മരിക്കുകയില്ല. ഇതു നീ വിശ്വസിക്കുന്നുവോ? എന്നു പറഞ്ഞു. |
| യോഹ. 11:27 | അവൾ അവനോട്, ഉവ്വ്, കർത്താവേ; നീ ലോകത്തിലേക്കു വരുന്ന ദൈവപുത്രനായ ക്രിസ്തു ആകുന്നു എന്നു ഞാൻ വിശ്വസിച്ചിരിക്കുന്നു എന്നു പറഞ്ഞു. |
| യോഹ. 11:28 | ഇതു പറഞ്ഞശേഷം, അവൾ പോയി തന്റെ സഹോദരിയായ മറിയയെ രഹസ്യമായി വിളിച്ചു, ഗുരു ഇവിടെയുണ്ട് നിന്നെ വിളിക്കുന്നു എന്നു പറഞ്ഞു. |
| യെശ. 40:31 | എങ്കിലും യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും; അവർ കഴുകന്മാരെപ്പോലെ ചിറകു അടിച്ചു കയറും; അവർ തളർന്നുപോകാതെ ഓടുകയും ക്ഷീണിച്ചുപോകാതെ നടക്കുകയും ചെയ്യും. |
| മത്താ. 5:3 | ആത്മാവിൽ ദരിദ്രരായവർ അനുഗ്രഹീതർ, സ്വർഗരാജ്യം അവരുടേതാകുന്നു. |
| ലൂക്കൊ. 18:15 | അവൻ തൊടേണ്ടതിന്, അവർ തങ്ങളുടെ ശിശുക്കളെ അവന്റെ അടുക്കൽ കൊണ്ടുവരുകയായിരുന്നു. എന്നാൽ ശിഷ്യന്മാർ ഇതു കണ്ടപ്പോൾ അവരെ ശാസിച്ചു. |
| ലൂക്കൊ. 18:16 | എന്നാൽ യേശു, പൈതങ്ങളെ എന്റെ അടുക്കൽ വരുവാൻ അനുവദിക്കുവിൻ, അവരെ തടയരുത്, എന്തെന്നാൽ ദൈവരാജ്യം ഇങ്ങനെയുള്ളവരുടേതാകുന്നു എന്നു പറഞ്ഞുകൊണ്ട് അവരെ തന്റെ അടുക്കൽ വിളിച്ചു. |
| ലൂക്കൊ. 18:17 | ദൈവരാജ്യത്തെ ഒരു പൈതലിനെപ്പോലെ സ്വീകരിക്കാത്ത ഏവനും, ഒരുവിധത്തിലും അതിലേക്കു പ്രവേശിക്കുകയില്ല എന്നു സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. |
| യെശ. 66:1 | യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: സ്വർഗ്ഗം എന്റെ സിംഹാസനവും ഭൂമി എന്റെ പാദപീഠവും ആകുന്നു; നിങ്ങൾ എനിക്കു പണിയുന്ന ആലയം ഏതുവിധം? എന്റെ വിശ്രാമസ്ഥലവും ഏതു? |
| യെശ. 66:2 | എന്റെ കൈ ഇതൊക്കെയും ഉണ്ടാക്കി; |

അങ്ങനെയാകുന്നു ഇതൊക്കെയും ഉളവായതു എന്നു യഹോവ അരുളിച്ചെയ്യുന്നു; എങ്കിലും അരിഷ്ടനും മനസ്സു തകർന്നവനും എന്റെ വചനത്തിങ്കൽ വിറെക്കുന്നവനുമായ മനുഷ്യനെ ഞാൻ കടാക്ഷിക്കും.

4. പ്രകാശിപ്പിക്കപ്പെടുവാനായി, നമ്മുടെ ഉള്ളിൽ സംസാരിക്കുന്ന ആത്മാവിന്റെ വെളിച്ചത്തോട് നാം തർക്കിക്കരുത്, കൂടാതെ പുറമെ സംസാരിക്കുന്ന ആത്മാവിന്റെ ശുശ്രൂഷകന്മാരുമായും നാം തർക്കിക്കരുത്—പ്രവൃ. 22:10; വാ. 5:4-6; 2 കൊരി. 10:3-5; 11:2-3; സംഖ്യാ. 16:1-7, 31-39; 17:1-8; പ്ര.നി. പുറ. 33:11-14.

| | |
|---|---|
| പ്രവൃ. 22:10 | കർത്താവേ ഞാൻ എന്തു ചെയ്യേണം? എന്നു ഞാൻ ചോദിച്ചു. കർത്താവ് എന്നോട്, എഴുന്നേറ്റ് ദമസ്കൊസിലേക്കു പോകുക, നിനക്കു ചെയ്യുവാൻ നിയമിച്ചിരിക്കുന്ന സകല കാര്യങ്ങളേയും സംബന്ധിച്ച് അവിടെ നിന്നോടു പറയും എന്നു പറഞ്ഞു. |
| ഉത്ത. 5:4 | എന്റെ പ്രിയൻ ദ്വാരത്തിൽകൂടി കൈ നീട്ടി; എന്റെ ഉള്ളം അവനെച്ചൊല്ലി ഉരുകിപ്പോയി. |
| ഉത്ത. 5:5 | എന്റെ പ്രിയന്നു തുറക്കേണ്ടതിന്നു ഞാൻ എഴുന്നേറ്റു; എന്റെ കൈ മൂറും, എന്റെ വിരൽ മൂറിൻതൈലവും തഴുതുപിടികളിന്മേൽ പൊഴിച്ചു. |
| ഉത്ത. 5:6 | ഞാൻ എന്റെ പ്രിയന്നു വേണ്ടി തുറന്നു എന്റെ പ്രിയനോ പൊയ്ക്കളഞ്ഞിരുന്നു; അവൻ സംസാരിച്ചപ്പോൾ ഞാൻ വിവശയായിരുന്നു; ഞാൻ അന്വേഷിച്ചു അവനെ കണ്ടില്ല; ഞാൻ അവനെ വിളിച്ചു; അവൻ ഉത്തരം പറഞ്ഞില്ല. |
| 2 കൊരി. 10:3 | ഞങ്ങൾ ജഡത്തിൽ നടക്കുന്നെങ്കിലും ജഡപ്രകാരം പോരാടുന്നില്ല; |
| 2 കൊരി. 10:4 | ഞങ്ങളുടെ യുദ്ധത്തിന്റെ ആയുധങ്ങൾ ജഡികമല്ല, കോട്ടകളെ മറിച്ചിടുവാൻ ദൈവമുമ്പാകെ ശക്തിയുള്ളവയത്രേ, |
| 2 കൊരി. 10:5 | അവയാൽ ഞങ്ങൾ വാദങ്ങളെയും ദൈവത്തിന്റെ പരിജ്ഞാനത്തിന് എതിരായി ഉയരുന്ന സകല ഉയർച്ചയെയും മറിച്ചിടുകയും, ക്രിസ്തുവിന്റെ അനുസരണത്തിങ്കലേക്ക് ഓരോ ചിന്തയെയും ബദ്ധമാക്കുകയും ചെയ്യുന്നു. |
| 2 കൊരി. 11:2 | എന്തെന്നാൽ ഞാൻ നിങ്ങളെക്കുറിച്ച് ദൈവത്തിന്റെ തീക്ഷ്ണതയോടെ തീക്ഷ്ണതയുള്ളവനാകുന്നു; ഞാൻ ക്രിസ്തു എന്ന ഏക ഭർത്താവിന് നിങ്ങളെ നിർമല കന്യകയായി മുൻനിർത്തുവാൻ വിവാഹനിശ്ചയം ചെയ്തു. |
| 2 കൊരി. 11:3 | എന്നാൽ സർപ്പം തന്റെ കൗശലത്താൽ ഹവ്വയെ വഞ്ചിച്ചതുപോലെ, നിങ്ങളുടെ ചിന്തകൾ ക്രിസ്തുവിനോടുള്ള ലാളിത്യത്തിലും നിർമലതയിലും നിന്ന് ഏതെങ്കിലും വിധത്തിൽ ദുഷിക്കപ്പെടുമോ എന്ന് ഞാൻ ഭയപ്പെടുന്നു. |
| സംഖ്യ. 16:1 | എന്നാൽ ലേവിയുടെ മകനായ കെഹാത്തിന്റെ മകനായ യിസ്ഹാരിന്റെ മകൻ കോരഹ്, രൂബേൻ ഗോത്രത്തിൽ |

എലീയാബിന്റെ പുത്രന്മാരായ ദാഥാൻ, അബീരാം, പേലെത്തിന്റെ മകനായ ഓൻ എന്നിവർ

സംഖ്യ. 16:2 യിസ്രായേൽമക്കളിൽ സഭാപ്രധാനികളും സംഘസദസ്യന്മാരും പ്രമാണികളുമായ ഇരുനൂറ്റമ്പതു പുരുഷന്മാരെ കൂട്ടി മോശെയോടു മത്സരിച്ചു.

സംഖ്യ. 16:3 അവൻ മോശെക്കും അഹരോന്നും വിരോധമായി കൂട്ടംകൂടി അവരോടു: മതി, മതി; സഭ ഒട്ടൊഴിയാതെ എല്ലാവരും വിശുദ്ധരാകുന്നു; യഹോവ അവരുടെ മദ്ധ്യേ ഉണ്ടു; പിന്നെ നിങ്ങൾ യഹോവയുടെ സഭെക്കു മീതെ നിങ്ങളെത്തന്നേ ഉയർത്തുന്നതു എന്തു? എന്നു പറഞ്ഞു.

സംഖ്യ. 16:4 ഇതു കേട്ടപ്പോൾ മോശെ കവിണ്ണുവീണു.

സംഖ്യ. 16:5 അവൻ കോരഹിനോടും അവന്റെ എല്ലാകൂട്ടരോടും പറഞ്ഞതു: നാളെ രാവിലെ യഹോവ തനിക്കുള്ളവർ ആരെന്നും തന്നോടടുപ്പാൻ തക്കവണ്ണം വിശുദ്ധൻ ആരെന്നും കാണിക്കും; താൻ തിരഞ്ഞെടുക്കുന്നവനെ തന്നോടു അടുക്കുമാറാക്കും.

സംഖ്യ. 16:6 കോരഹും അവന്റെ എല്ലാ കൂട്ടവുമായുള്ളോരേ, നിങ്ങൾ ഇതു ചെയ്വിൻ:

സംഖ്യ. 16:7 ധൂപകലശം എടുത്തു നാളെ യഹോവയുടെ സന്നിധിയിൽ അതിൽ തീയിട്ടു ധൂപവർഗ്ഗം ഇടുവിൻ; യഹോവ തിരഞ്ഞെടുക്കുന്നവൻ തന്നേ വിശുദ്ധൻ; ലേവിപുത്രന്മാരേ, മതി, മതി!

സംഖ്യ. 16:31 അവൻ ഈ വാക്കുകളെല്ലാം പറഞ്ഞു തീർന്നപ്പോൾ അവരുടെ കീഴെ ഭൂമി പിളർന്നു.

സംഖ്യ. 16:32 ഭൂമി വായ്തുറന്നു അവരെയും അവരുടെ കുടുംബങ്ങളെയും കോരഹിനോടു ചേർന്നിട്ടുള്ള എല്ലാവരെയും അവരുടെ സർവ്വസമ്പത്തിനെയും വിഴുങ്ങിക്കളഞ്ഞു.

സംഖ്യ. 16:33 അവരും അവരോടു ചേർന്നിട്ടുള്ള എല്ലാവരും ജീവനോടെ പാതാളത്തിലേക്കു ഇറങ്ങി; ഭൂമി അവരുടെമേൽ അടകയും അവർ സഭയുടെ ഇടയിൽനിന്നു നശിക്കയും ചെയ്തു.

സംഖ്യ. 16:34 അവരുടെ ചുറ്റും ഇരുന്ന യിസ്രായേല്യർ ഒക്കെയും അവരുടെ നിലവിളി കേട്ടു: ഭൂമി നമ്മെയും വഴുങ്ങിക്കളയരുതേ എന്നു പറഞ്ഞു ഓടിപ്പോയി.

സംഖ്യ. 16:35 അപ്പോൾ യഹോവയിങ്കൽനിന്നു തീ പുറപ്പെട്ടു ധൂപം കാട്ടിയ ഇരുനൂറ്റമ്പതുപേരെയും ദഹിപ്പിച്ചു.

സംഖ്യ. 16:36 യഹോവ മോശെയോടു അരുളിച്ചെയ്തതു:

സംഖ്യ. 16:37 പുരോഹിതനായ അഹരോന്റെ മകൻ എലെയാസാരിനോടു അവൻ എരിതീയുടെ ഇടയിൽനിന്നു ധൂപകലശങ്ങൾ എടുപ്പാൻ പറക; അവ വിശുദ്ധമാകുന്നു; തീ അങ്ങോട്ടു തട്ടിക്കളകയും ചെയ്ക;

സംഖ്യ. 16:38 പാപംചെയ്തു തങ്ങൾക്കു ജീവനാശം വരുത്തിയ ഇവരുടെ ധൂപകലശങ്ങൾ യാഗപീഠം പൊതിവാൻ അടിച്ചു തകിടാക്കണം; അതു യഹോവയുടെ സന്നിധിയിൽ കൊണ്ടുവന്നതിനാൽ വിശുദ്ധമാകുന്നു;

| | |
|---|---|
| | യിസ്രായേൽമക്കൾക്കു അതു ഒരു അടയാളമായിരിക്കട്ടെ. |
| സംഖ്യ. 16:39 | വെന്തുപോയവർ ധൂപം കാട്ടിയ താമ്രകലശങ്ങൾ പുരോഹിതനായ എലെയാസാർ എടുത്തു |
| സംഖ്യ. 17:1 | യഹോവ പിന്നെയും മോശെയോടു അരുളിച്ചെയ്തതു: |
| സംഖ്യ. 17:2 | യിസ്രായേൽമക്കളോടു സംസാരിച്ചു അവരുടെ പക്കൽനിന്നു ഗോത്രംഗോത്രമായി സകലഗോത്രപ്രഭുക്കന്മാരോടും ഓരോ വടിവീതം പന്ത്രണ്ടു വടി വാങ്ങി ഓരോരുത്തന്റെ വടിമേൽ അവന്റെ പേർ എഴുതുക. |
| സംഖ്യ. 17:3 | ലേവിയുടെ വടിമേലോ അഹരോന്റെ പേർ എഴുതേണം; ഓരോ ഗോത്രത്തലവന്നു ഓരോ വടി ഉണ്ടായിരിക്കേണം. |
| സംഖ്യ. 17:4 | സമാഗമനകൂടാരത്തിൽ ഞാൻ നിങ്ങൾക്കു വെളിപ്പെടുന്ന ഇടമായ സാക്ഷ്യത്തിന്റെ മുമ്പാകെ അവയെ വെക്കേണം. |
| സംഖ്യ. 17:5 | ഞാൻ തിരഞ്ഞെടുക്കുന്നവന്റെ വടി തളിർക്കും; ഇങ്ങനെ യിസ്രായേൽമക്കൾ നിങ്ങൾക്കു വിരോധമായി പിറുപിറുക്കുന്നതു ഞാൻ നിർത്തലാക്കും. |
| സംഖ്യ. 17:6 | മോശെ യിസ്രായേൽമക്കളോടു സംസാരിക്കയും അവരുടെ സകലപ്രഭുക്കന്മാരും ഗോത്രംഗോത്രമായി ഓരോ പ്രഭു ഓരോ വടിവീതം പന്ത്രണ്ടു വടി അവന്റെ പക്കൽ കൊടുക്കയും ചെയ്തു: വടികളുടെ കൂട്ടത്തിൽ അഹരോന്റെ വടിയും ഉണ്ടായിരുന്നു. |
| സംഖ്യ. 17:7 | മോശെ വടികളെ സാക്ഷ്യകൂടാരത്തിൽ യഹോവയുടെ സന്നിധിയിൽവെച്ചു. |
| സംഖ്യ. 17:8 | പിറ്റെന്നാൾ മോശെ സാക്ഷ്യകൂടാരത്തിൽ കടന്നപ്പോൾ ലേവിഗൃഹത്തിന്നുള്ള അഹരോന്റെ വടി തളിർത്തിരിക്കുന്നതു കണ്ടു; അതു തളിർത്തു പൂത്തു ബദാം ഫലം കായിച്ചിരുന്നു. |
| പുറ. 33:11 | ഒരുത്തൻ തന്റെ സ്നേഹിതനോടു സംസാരിക്കുന്നതുപോലെ യഹോവ മോശെയോടു അഭിമുഖമായി സംസാരിച്ചു. പിന്നെ അവൻ പാളയത്തിലേക്കു മടങ്ങിവന്നു; അവന്റെ ശുശ്രൂഷക്കാരനായ നൂന്റെ പുത്രനായ യോശുവ എന്ന ബാല്യക്കാരനോ കൂടാരത്തെ വിട്ടുപിരിയാതിരുന്നു. |
| പുറ. 33:12 | മോശെ യഹോവയോടു പറഞ്ഞതു എന്തെന്നാൽ: ഈ ജനത്തെ കൂട്ടിക്കൊണ്ടു പോക എന്നു നീ എന്നോടു കല്പിച്ചുവല്ലോ; എങ്കിലും ആരെ എന്നോടുകൂടെ അയക്കുമെന്നു അറിയിച്ചുതന്നില്ല; എന്നാൽ: ഞാൻ നിന്നെ അടുത്തു അറിഞ്ഞിരിക്കുന്നു; എനിക്കു നിന്നോടു കൃപ തോന്നിയിരിക്കുന്നു എന്നു നീ അരുളിച്ചെയ്തിട്ടുണ്ടല്ലോ. |
| പുറ. 33:13 | ആകയാൽ എന്നോടു കൃപയുണ്ടെങ്കിൽ നിന്റെ വഴി എന്നെ അറിയിക്കേണമേ; നിനക്കു എന്നോടു കൃപയുണ്ടാകുവാന്തക്കവണ്ണം ഞാൻ നിന്നെ അറിയുമാറാകട്ടെ; ഈ ജാതി നിന്റെ ജനം എന്നു |

ഓർക്കേണമേ.

പുറ. 33:14 — അതിന്നു അവൻ: എന്റെ സാന്നിദ്ധ്യം നിന്നോടുകൂടെ പോരും; ഞാൻ നിനക്കു സ്വസ്ഥത നല്കും എന്നു അരുളിച്ചെയ്തു.

5. പ്രകാശിപ്പിക്കപ്പെടുവാനായി, നാം തുടർച്ചയായി വെളിച്ചത്തിൽ ജീവിക്കണം—യെശ. 2:5; 1 യോഹ. 1:7; എബ്രാ. 9:14; 10:22; മത്താ. 5:3, 8, 14; സങ്കീ. 119:105; വെളി. 1:20; സങ്കീ. 36:8-9.

യെശ. 2:5 — യാക്കോബുഗൃഹമേ, വരുവിൻ; നമുക്കു യഹോവയുടെ വെളിച്ചത്തിൽ നടക്കാം.

1 യോഹ. 1:7 — എന്നാൽ അവൻ വെളിച്ചത്തിൽ ആയിരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ, നമുക്ക് അന്യോന്യം കൂട്ടായ്മയുണ്ട്, അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപത്തിൽനിന്നും നമ്മെ ശുദ്ധീകരിക്കുന്നു.

എബ്രാ. 9:14 — നിത്യാത്മാവിലൂടെ നിഷ്കളങ്കനായി തന്നെത്താൻ ദൈവത്തിന് അർപ്പിച്ച ക്രിസ്തുവിന്റെ രക്തം, ജീവനുള്ള ദൈവത്തെ സേവിക്കുവാൻ നമ്മുടെ മനസ്സാക്ഷിയെ നിർജീവ പ്രവൃത്തികളിൽനിന്ന് എത്രയധികം ശുദ്ധീകരിക്കും?

എബ്രാ. 10:22 — ദുർമനസ്സാക്ഷിയിൽ നിന്നു നമ്മുടെ ഹൃദയങ്ങൾ തളിക്കപ്പെട്ടും നിർമല ജലത്താൽ നമ്മുടെ ശരീരങ്ങൾ കഴുകപ്പെട്ടും, വിശ്വാസത്തിന്റെ പൂർണനിശ്ചയത്തിൽ പരമാർഥ ഹൃദയത്തോടെ നമുക്ക് അതിവിശുദ്ധസ്ഥലത്തേക്ക് മുമ്പോട്ട് കടന്നുവരാം.

മത്താ. 5:3 — ആത്മാവിൽ ദരിദ്രരായവർ അനുഗൃഹീതർ, സ്വർഗരാജ്യം അവരുടേതാകുന്നു.

മത്താ. 5:8 — ഹൃദയശുദ്ധിയുള്ളവർ അനുഗൃഹീതർ, അവർ ദൈവത്തെ കാണും.

മത്താ. 5:14 — നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു. മലമേൽ സ്ഥിതിചെയ്യുന്ന പട്ടണം മറഞ്ഞിരിക്കുന്നത് അസാധ്യമാകുന്നു.

സങ്കീ. 119:105 — നൂൻ. നിന്റെ വചനം എന്റെ കാലിന്നു ദീപവും എന്റെ പാതെക്കു പ്രകാശവും ആകുന്നു.

വെളി. 1:20 — എന്റെ വലംകൈയിന്മേൽ നീ കണ്ട ഏഴു നക്ഷത്രങ്ങളുടെയും ഏഴു പൊൻനിലവിളക്കുകളുടെയും മർമം: ഏഴു നക്ഷത്രങ്ങൾ ഏഴു സഭകളുടെ ദൂതന്മാരാകുന്നു, ഏഴു നിലവിളക്കുകൾ ഏഴു സഭകൾ ആകുന്നു.

സങ്കീ. 36:8 — നിന്റെ ആലയത്തിലെ പുഷ്ടി അവർ അനുഭവിച്ചു തൃപ്തി പ്രാപിക്കുന്നു; നിന്റെ ആനന്ദനദി നീ അവരെ കുടിപ്പിക്കുന്നു.

സങ്കീ. 36:9 — നിന്റെ പക്കൽ ജീവന്റെ ഉറവുണ്ടല്ലോ; നിന്റെ പ്രകാശത്തിൽ ഞങ്ങൾ പ്രകാശം കാണുന്നു.

**III. യേശുവിന്റെ സാക്ഷ്യം ആലയത്തിൽ ദൈവത്തെ സേവിക്കുന്ന വലിയ പുരുഷാരം, അതായത്, ഇന്ന് ആസ്വദിക്കുവാൻ കഴിയുന്നതായ, സ്വർഗീയങ്ങളിലും ക്രിസ്തുവിലുമുള്ള എല്ലാ ആത്മിക അനുഗ്രഹങ്ങളോടുംകൂടെ ദൈവത്തിന്റെ**

**കരുതലും കുഞ്ഞാടിന്റെ മേയ്പും ആസ്വദിക്കുവാൻ സ്വർഗത്തിലേക്ക് ഉൾപ്രാപണം ചെയ്യപ്പെട്ട ദൈവത്തിന്റെ വീണ്ടെടുക്കപ്പെട്ടവരുടെ ആകത്തുകയാണ്—വെളി. 7:9-17; എഫെ. 1:3; ഗലാ. 3:14; ഉല്പ. 12:2; പ്ര.നി. വെളി. 21:3-4; 22:3-5; യെശ. 49:10:**

വെളി. 7:9 ഇവയ്ക്കു ശേഷം, ഇതാ, സകല രാഷ്ട്രങ്ങളിൽനിന്നും എല്ലാ ഗോത്രങ്ങളിലും ജനങ്ങളിലും ഭാഷകളിലും നിന്നും ആർക്കും എണ്ണുവാൻ കഴിയാത്ത വലിയൊരു പുരുഷാരം, വെള്ളയങ്കി ധരിച്ചും തങ്ങളുടെ കൈയിൽ പനയോല പിടിച്ചുംകൊണ്ട്, സിംഹാസനത്തിന് മുമ്പാകെയും കുഞ്ഞാടിനു മുമ്പാകെയും നിൽക്കുന്നത് ഞാൻ കണ്ടു.

വെളി. 7:10 അവർ, സിംഹാസനത്തിന്മേൽ ഇരിക്കുന്ന നമ്മുടെ ദൈവത്തിനും കുഞ്ഞാടിനും രക്ഷ, എന്ന് ഉച്ചത്തിൽ വിളിച്ചുപറയുന്നു.

വെളി. 7:11 എല്ലാ ദൂതന്മാരും സിംഹാസനത്തിന്റെയും മൂപ്പന്മാരുടെയും നാലു ജീവികളുടെയും ചുറ്റും നിന്നു; അവർ സിംഹാസനത്തിനു മുമ്പാകെ കവിണ്ണുവീണു ദൈവത്തെ ആരാധിച്ചു,

വെളി. 7:12 പറഞ്ഞത്, ആമേൻ. അനുഗ്രഹവും മഹത്വവും ജ്ഞാനവും സ്തോത്രവും ബഹുമാനവും ശക്തിയും ബലവും എന്നെന്നേക്കും നമ്മുടെ ദൈവത്തിന്. ആമേൻ.

വെളി. 7:13 മൂപ്പന്മാരിൽ ഒരുവൻ എന്നോട്, വെള്ളയങ്കി ധരിച്ച ഇവർ ആരാകുന്നു, അവർ എവിടെനിന്ന് വന്നു? എന്നു ചോദിച്ചു.

വെളി. 7:14 ഞാൻ അവനോട് പറഞ്ഞു, എന്റെ യജമാനനേ, നീ അറിയുന്നുവല്ലോ. അവൻ എന്നോട്, ഇവർ മഹോപദ്രവത്തിൽനിന്നു വരുന്നവരാകുന്നു, അവർ തങ്ങളുടെ അങ്കികൾ കഴുകുകയും കുഞ്ഞാടിന്റെ രക്തത്തിൽ അവയെ വെളുപ്പിക്കുകയും ചെയ്തിരിക്കുന്നു.

വെളി. 7:15 ഇതു നിമിത്തം അവർ ദൈവത്തിന്റെ സിംഹാസനത്തിനു മുമ്പാകെ ആയിരുന്ന്, അവന്റെ ആലയത്തിൽ പകലും രാവും അവനെ സേവിക്കുന്നു; സിംഹാസനത്തിൽ ഇരിക്കുന്നവൻ അവരുടെമേൽ കൂടാരമടിക്കും.

വെളി. 7:16 അവർക്ക് ഇനിമേൽ വിശക്കുകയില്ല, ഇനിമേൽ ദാഹിക്കുകയുമില്ല, സൂര്യനും യാതൊരു ചൂടും അവരുടെമേൽ തട്ടുകയില്ല;

വെളി. 7:17 എന്തെന്നാൽ സിംഹാസനത്തിനു മധ്യേയുള്ള കുഞ്ഞാട് അവരെ മേയ്ക്കുകയും ജീവജലത്തിന്റെ ഉറവകളിലേക്ക് വഴിനടത്തുകയും ചെയ്യും; ദൈവമോ അവരുടെ കണ്ണുകളിൽനിന്ന് കണ്ണുനീരെല്ലാം തുടച്ചുകളയും.

എഫെ. 1:3 സ്വർഗീയങ്ങളിലെ സകല ആത്മിക, അനുഗ്രഹത്താലും നമ്മെ ക്രിസ്തുവിൽ അനുഗ്രഹിച്ചവനായ, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ ദൈവവും പിതാവും ആയവൻ വാഴ്ത്തപ്പെട്ടവൻ,

ഗലാ. 3:14 അത് അബ്രാഹാമിന്റെ അനുഗ്രഹം ക്രിസ്തു യേശുവിൽ ജാതികൾക്ക് വരേണ്ടതിന്, നാം വിശ്വാസത്താൽ ആത്മാവ് എന്ന വാഗ്ദത്തം പ്രാപിക്കേണ്ടതിനാകുന്നു.

ഉല്പ. 12:2 ഞാൻ നിന്നെ വലിയോരു ജാതിയാക്കും; നിന്നെ അനുഗ്രഹിച്ചു നിന്റെ പേർ വലുതാക്കും; നീ ഒരു അനുഗ്രഹമായിരിക്കും.

വെളി. 21:3 സിംഹാസനത്തിൽനിന്ന് ഞാൻ ഉച്ചത്തിൽ പറഞ്ഞുകേട്ടത്, ഇതാ, മനുഷ്യരോടുകൂടെ ദൈവത്തിന്റെ കൂടാരം, അവൻ അവരോടുകൂടെ കൂടാരമടിക്കും, അവർ അവന്റെ ജനങ്ങളായിരിക്കും, ദൈവം താൻ അവരോടുകൂടെ ആയിരുന്ന് അവരുടെ ദൈവമായിരിക്കും.

വെളി. 21:4 അവൻ അവരുടെ കണ്ണിൽനിന്നു കണ്ണുനീരെല്ലാം തുടച്ചുകളയും; ഇനി മരണം ഉണ്ടാകയില്ല, ദുഃഖവും കരച്ചിലും വേദനയും ഇനി ഉണ്ടാകയില്ല;

മുമ്പത്തെ കാര്യങ്ങൾ നീങ്ങിപ്പോയി.

വെളി. 22:3 ഒരു ശാപവും ഇനിമേൽ ഉണ്ടാകുകയില്ല. ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനം അതിൽ ഉണ്ടായിരിക്കും, അവന്റെ അടിമകൾ അവനെ സേവിക്കും;

വെളി. 22:4 അവർ അവന്റെ മുഖം കാണും, അവന്റെ നാമം അവരുടെ നെറ്റിമേൽ ഉണ്ടായിരിക്കും.

വെളി. 22:5 ഇനി രാത്രി ഉണ്ടാകയില്ല; ദൈവമായ കർത്താവ് അവരുടെമേൽ പ്രകാശിക്കുന്നതിനാൽ, വിളക്കിന്റെ വെളിച്ചവും സൂര്യന്റെ വെളിച്ചവും അവർക്ക് ആവശ്യമില്ല; അവർ എന്നെന്നേക്കും വാഴും.

യെശ. 49:10 അവർക്കു വിശക്കയില്ല, ദാഹിക്കയുമില്ല; മരീചികയും വെയിലും അവരെ ബാധിക്കയില്ല; അവരോടു കരുണയുള്ളവൻ അവരെ വഴിനടത്തുകയും നീരുറവുകൾക്കരികെ അവരെ കൊണ്ടുപോകയും ചെയ്യും.

A. വലിയ പുരുഷാരത്തിൽ സകല രാഷ്ട്രങ്ങളിൽനിന്നും, എല്ലാ ഗോത്രങ്ങളിലും ജനങ്ങളിലും ഭാഷകളിലും നിന്നും സഭയുടെ ഘടകാംശങ്ങളാകുവാൻ കുഞ്ഞാടിന്റെ രക്തത്താൽ വിലയ്ക്ക് വാങ്ങപ്പെട്ടവർ അടങ്ങുന്നു—വെളി. 7:9; 5:9; റോമ. 11:25; പ്രവൃ. 15:14, 19; 1 കൊരി. 6:19-20.

വെളി. 7:9 ഇവയ്ക്കു ശേഷം, ഇതാ, സകല രാഷ്ട്രങ്ങളിൽനിന്നും എല്ലാ ഗോത്രങ്ങളിലും ജനങ്ങളിലും ഭാഷകളിലും നിന്നും ആർക്കും എണ്ണുവാൻ കഴിയാത്ത വലിയൊരു പുരുഷാരം, വെള്ളയങ്കി ധരിച്ചും തങ്ങളുടെ കൈയിൽ പനയോല പിടിച്ചുംകൊണ്ട്, സിംഹാസനത്തിന് മുമ്പാകെയും കുഞ്ഞാടിനു മുമ്പാകെയും നിൽക്കുന്നത് ഞാൻ കണ്ടു.

വെളി. 5:9 അവർ ഒരു പുതിയ പാട്ടു പാടുന്നത്: ചുരുൾ എടുക്കുവാനും അതിന്റെ മുദ്രകൾ തുറക്കുവാനും നീ യോഗ്യൻ ആകുന്നു, എന്തെന്നാൽ നീ അറുക്കപ്പെടുകയും നിന്റെ രക്തത്താൽ സകല ഗോത്രത്തിലും ഭാഷയിലും ജനത്തിലും രാഷ്ട്രത്തിലും നിന്നുള്ളവരെ ദൈവത്തിനായി വിലയ്ക്കുവാങ്ങുകയും,

റോമ. 11:25 സഹോദരന്മാരേ, (നിങ്ങൾ നിങ്ങളിൽത്തന്നെ ജ്ഞാനികളെന്ന് ഭാവിക്കാതിരിക്കേണ്ടതിന്), ജാതികളുടെ നിറവ് വന്നുചേരുവോളം, യിസ്രായേലിന്മേൽ ഭാഗികമായി കാഠിന്യം വന്നിരിക്കുന്നു എന്ന ഈ മർമത്തിന് നിങ്ങൾ അജ്ഞരായിരിക്കണമെന്ന് ഞാൻ ഇച്ഛിക്കുന്നില്ല;

പ്രവൃ. 15:14 തന്റെ നാമത്തിനായി ജാതികളിൽനിന്ന് ഒരു ജനത്തെ എടുക്കുവാൻ ദൈവം ആദ്യം അവരെ എങ്ങനെ സന്ദർശിച്ചു എന്ന് ശിമ്യോൻ വിവരിച്ചിരിക്കുന്നു.

പ്രവൃ. 15:19 ആകയാൽ ജാതികളിൽ നിന്ന് ദൈവത്തിലേക്കു തിരിയുന്നവരെ നാം ക്ലേശിപ്പിക്കാതെ,

1 കൊരി. 6:19 അതോ ദൈവത്തിൽനിന്ന് നിങ്ങളുടെ ഉള്ളിലുള്ള പരിശുദ്ധാത്മാവിന്റെ ആലയമാകുന്നു നിങ്ങളുടെ ശരീരം എന്നും, നിങ്ങൾ നിങ്ങളുടെ സ്വന്തമല്ല എന്നും നിങ്ങൾ അറിയുന്നില്ലയോ?

1 കൊരി. 6:20 നിങ്ങളെ വിലയ്ക്ക് വാങ്ങിയിരിക്കുന്നു. അതിനാൽ നിങ്ങളുടെ ശരീരത്തിൽ ദൈവത്തെ മഹത്വപ്പെടുത്തുവിൻ.

B. "ഇവർ മഹോപദ്രവത്തിൽനിന്ന് വരുന്നവരാകുന്നു, അവർ തങ്ങളുടെ അങ്കികൾ കഴുകുകയും കുഞ്ഞാടിന്റെ രക്തത്തിൽ അവയെ വെളുപ്പിക്കുകയും ചെയ്തിരിക്കുന്നു"—വെളി. 7:14:

1. വാക്യം 14-ലെ മഹോപദ്രവം ദൈവത്തിന്റെ വീണ്ടെടുക്കപ്പെട്ട ജനം യുഗങ്ങളിലുടനീളം അനുഭവിച്ച ബുദ്ധിമുട്ടുകളെയും, കഷ്ടങ്ങളെയും, ഉപദ്രവങ്ങളെയും, ക്ലേശങ്ങളെയും പരാമർശിക്കുന്നു—യോഹ. 16:33.

| | |
|---|---|
| വെളി. 7:14 | ഞാൻ അവനോട് പറഞ്ഞു, എന്റെ യജമാനനേ, നീ അറിയുന്നുവല്ലോ. അവൻ എന്നോട്, ഇവർ മഹോപദ്രവത്തിൽനിന്നു വരുന്നവരാകുന്നു, അവർ തങ്ങളുടെ അങ്കികൾ കഴുകുകയും കുഞ്ഞാടിന്റെ രക്തത്തിൽ അവയെ വെളുപ്പിക്കുകയും ചെയ്തിരിക്കുന്നു. |
| യോഹ. 16:33 | നിങ്ങൾക്ക് എന്നിൽ സമാധാനം ഉണ്ടായിരിക്കേണ്ടതിന് ഈ കാര്യങ്ങൾ ഞാൻ നിങ്ങളോട് സംസാരിച്ചിരിക്കുന്നു. ലോകത്തിൽ നിങ്ങൾക്ക് ക്ലേശം ഉണ്ട്, എന്നാൽ ധൈര്യപ്പെടുവിൻ; ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു. |

2. കുഞ്ഞാടിന്റെ രക്തം നമുക്കെതിരെയുള്ള പിശാചിന്റെ എല്ലാ ആരോപണങ്ങൾക്കും ദൈവമുമ്പാകെ ഉത്തരം നൽകുകയും അവന്റെമേൽ നമുക്ക് വിജയം നൽകുകയും ചെയ്യുന്നു (വെളി. 12:11); നമ്മുടെ പാപത്തിനും മാലിന്യത്തിനും വേണ്ടി രക്തത്തിന്റെ തുറക്കപ്പെട്ട ഉറവായ വീണ്ടെടുക്കുന്ന ക്രിസ്തു നിമിത്തം (സെഖ. 13:1; യോഹ. 19:34), നമുക്ക് ആ രക്തത്തിനുള്ളിലേക്ക് മുങ്ങുവാനും നമ്മുടെ എല്ലാ പാപക്കറകളും ഇല്ലാതാക്കുവാനും (ഗീതം, #ML100, ചരണം 1), "ലോകത്തിനും പാപത്തിനും മുകളിൽ, പുതുക്കപ്പെട്ട ഹൃദയത്തോടും വെള്ള വസ്ത്രത്തോടും, ഉള്ളിൽ സിംഹാസനസ്ഥനാക്കപ്പെട്ട ക്രിസ്തുവിനോടുംകൂടെ, ദൈവത്തിന്റെ വെളിച്ചത്തിൽ നടക്കുകതിന് എഴുന്നേൽക്കുക" (ഗീതം, #1010, ചരണം 3).

| | |
|---|---|
| വെളി. 12:11 | അവർ അവനെ കുഞ്ഞാടിന്റെ രക്തം ഹേതുവായും തങ്ങളുടെ സാക്ഷ്യവചനം ഹേതുവായും ജയിച്ചു, മരണത്തോളം തങ്ങളുടെ ദേഹിജീവനെ സ്നേഹിച്ചതുമില്ല. |
| സെഖ. 13:1 | അന്നാളിൽ ദാവീദുഗൃഹത്തിന്നും യെരൂശലേംനിവാസികൾക്കും പാപത്തിന്റെയും മാലിന്യത്തിന്റെയും പരിഹാരത്തിന്നായി ഒരു ഉറവു തുറന്നിരിക്കും. |
| യോഹ. 19:34 | എന്നാൽ പടയാളികളിൽ ഒരുവൻ അവന്റെ വിലാപ്പുറത്ത് കുന്തംകൊണ്ട് കുത്തി, ഉടനെ രക്തവും ജലവും പുറത്തേക്കു വന്നു.. |

Hymns, ML100

1 ഇമ്മാനുവേൽ തൻ ചങ്കതിൽ
നിന്നൊഴുകും രക്തം;
പാപക്കറ നീക്കും അതിൽ,
മുങ്ങിത്തീർന്നാൽ ആരും; (3)
പാപക്കറ നീക്കും അതിൽ,
മുങ്ങിത്തീർന്നാൽ ആരും.

3. നമ്മുടെ അങ്കി കഴുകുകയെന്നാൽ കുഞ്ഞാടിന്റെ രക്തത്തിന്റെ കഴുകൽ മുഖാന്തരം നമ്മുടെ പെരുമാറ്റം വെടിപ്പായി സൂക്ഷിക്കുക എന്നാണ്; ഇത് ജീവവൃക്ഷത്തെ ആസ്വദിക്കുവാനും ദൈവത്തിന്റെ നിത്യാനുഗ്രഹങ്ങളുടെ മണ്ഡലമായ ജീവന്റെ നഗരത്തിലേക്ക് പ്രവേശിക്കുവാനുമുള്ള അവകാശം നമുക്ക് നൽകുന്നു—1 യോഹ. 1:7; വെളി. 22:14.

| | |
|---|---|
| 1 യോഹ. 1:7 | എന്നാൽ അവൻ വെളിച്ചത്തിൽ ആയിരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ, നമുക്ക് അന്യോന്യം കൂട്ടായ്മയുണ്ട്, അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപത്തിൽനിന്നും നമ്മെ ശുദ്ധീകരിക്കുന്നു. |
| വെളി. 22:14 | ജീവവൃക്ഷത്തിൽ അവകാശം ഉണ്ടാകേണ്ടതിനും കവാടങ്ങളിൽ കൂടി നഗരത്തിലേക്കു പ്രവേശിക്കേണ്ടതിനും, തങ്ങളുടെ അങ്കി കഴുകുന്നവർ അനുഗൃഹീതർ. |

C. ആ വലിയ പുരുഷാരം തങ്ങളുടെ കൈകളിൽ പനയോല പിടിച്ചുംകൊണ്ട് സിംഹാസനത്തിനു മുമ്പാകെയും കുഞ്ഞാടിനു മുമ്പാകെയും നിൽക്കുന്നു—7:9:

| | |
|---|---|
| വെളി. 7:9 | ഇവയ്ക്കു ശേഷം, ഇതാ, സകല രാഷ്ട്രങ്ങളിൽനിന്നും എല്ലാ ഗോത്രങ്ങളിലും ജനങ്ങളിലും ഭാഷകളിലും നിന്നും ആർക്കും എണ്ണുവാൻ കഴിയാത്ത വലിയൊരു പുരുഷാരം, വെള്ളയങ്കി ധരിച്ചും തങ്ങളുടെ കൈയിൽ പനയോല പിടിച്ചുംകൊണ്ട്, സിംഹാസനത്തിന് മുമ്പാകെയും കുഞ്ഞാടിനു മുമ്പാകെയും നിൽക്കുന്നത് ഞാൻ കണ്ടു. |

1. പനയോലകൾ നാം കർത്താവിൻ നിമിത്തം അനുഭവിച്ച ഉപദ്രവങ്ങളുടെമേലുള്ള നമ്മുടെ വിജയത്തെ സൂചിപ്പിക്കുന്നു; നനയ്ക്കപ്പെടുന്നതിലൂടെ നേടുന്ന സംതൃപ്തിയുടെ ഒരു അടയാളവുമാണ് പനകൾ—വാ. 14; പ്ര.നി. യോഹ. 12:13; പുറ. 15:27.

| | |
|---|---|
| വെളി. 7:14 | ഞാൻ അവനോട് പറഞ്ഞു, എന്റെ യജമാനനേ, നീ അറിയുന്നുവല്ലോ. അവൻ എന്നോട്, ഇവർ മഹോപദ്രവത്തിൽനിന്നു വരുന്നവരാകുന്നു, അവർ തങ്ങളുടെ അങ്കികൾ കഴുകുകയും കുഞ്ഞാടിന്റെ രക്തത്തിൽ അവയെ വെളുപ്പിക്കുകയും ചെയ്തിരിക്കുന്നു. |
| യോഹ. 12:13 | ഈത്തപ്പനകളുടെ ശാഖകൾ എടുത്ത് അവനെ എതിരേൽക്കുവാൻ പുറത്തേക്കു പോകുകയും, ഹോശന്നാ! കർത്താവിന്റെ നാമത്തിൽ വരുന്നവനായ യിസ്രായേലിന്റെ രാജാവ് അനുഗൃഹീതൻ! എന്ന് ആർക്കുകയും ചെയ്തു. |
| പുറ. 15:27 | പിന്നെ അവർ ഏലീമിൽ എത്തി; അവിടെ പന്ത്രണ്ടു നീരുറവും എഴുപതു ഈത്തപ്പനയും ഉണ്ടായിരുന്നു; അവർ അവിടെ വെള്ളത്തിന്നരികെ പാളയമിറങ്ങി. |

2. ദൈവത്തിന്റെ ആലയമായ ത്രിയേക ദൈവത്തിൽ, നിത്യമായ കൂടാര വിരുന്നായി അവനെ ആസ്വദിക്കുവാനും പനകൾപോലെ ജീവനിൽ തഴച്ചുവളരുവാനും, രാവും പകലും നാം അവനെ സേവിക്കും—വെളി. 7:15; 3:12; ലേവ്യ. 23:40; നെഹെ. 8:15; സങ്കീ. 92:12-13; യോഹ. 7:2, 37-39; റോമ. 1:9; കൊലൊ. 2:19.

| | |
|---|---|
| വെളി. 7:15 | ഇതു നിമിത്തം അവർ ദൈവത്തിന്റെ സിംഹാസനത്തിനു മുമ്പാകെ ആയിരുന്ന്, അവന്റെ ആലയത്തിൽ പകലും രാവും അവനെ സേവിക്കുന്നു; സിംഹാസനത്തിൽ ഇരിക്കുന്നവൻ അവരുടെമേൽ കൂടാരമടിക്കും. |
| വെളി. 3:12 | ജയിക്കുന്നവനെ ഞാൻ എന്റെ ദൈവത്തിന്റെ ആലയത്തിലെ തൂണാക്കും, അവൻ ഒരുവിധത്തിലും ഇനിമേൽ പുറത്തുപോകുകയില്ല, ഞാൻ അവന്റെമേൽ എന്റെ ദൈവത്തിന്റെ നാമവും, എന്റെ ദൈവത്തിന്റെ അരികിൽനിന്ന്, സ്വർഗത്തിൽനിന്ന് ഇറങ്ങിവരുന്ന, പുതിയ യെരൂശലേമെന്ന എന്റെ ദൈവത്തിന്റെ നഗരത്തിന്റെ നാമവും, എന്റെ പുതിയ നാമവും എഴുതും. |
| ലേവ്യ. 23:40 | ആദ്യദിവസം ഭംഗിയുള്ള വൃക്ഷങ്ങളുടെ ഫലവും ഈത്തപ്പനയുടെ കുരുത്തോലയും തഴെച്ചിരിക്കുന്ന വൃക്ഷങ്ങളുടെ കൊമ്പും ആറ്റലരിയും എടുത്തുകൊണ്ടു നിങ്ങളുടെ ദൈവമായ യഹോവയുടെ സന്നിധിയിൽ ഏഴു ദിവസം സന്തോഷിക്കേണം. |
| നെഹെ. 8:15 | കൂടാരങ്ങൾ ഉണ്ടാക്കേണ്ടതിന്നു നിങ്ങൾ മലയിൽ ചെന്നു ഒലിവുകൊമ്പു, കാട്ടൊലിവുകൊമ്പു, കൊഴുന്തുകൊമ്പു, ഈന്തമടൽ, തഴെച്ച വൃക്ഷങ്ങളുടെ കൊമ്പു എന്നിവ കൊണ്ടുവരുവിൻ എന്നു തങ്ങളുടെ എല്ലാ പട്ടണങ്ങളിലും യെരൂശലേമിലും അറിയിച്ചു പ്രസിദ്ധപ്പെടുത്തേണമെന്നും എഴുതിയിരിക്കുന്നതായി അവർ കണ്ടു. |
| സങ്കീ. 92:12 | നീതിമാൻ പനപോലെ തഴെക്കും; ലെബാനോനിലെ ദേവദാരുപോലെ വളരും. |
| സങ്കീ. 92:13 | യഹോവയുടെ ആലയത്തിൽ നടുതലയായവർ നമ്മുടെ ദൈവത്തിന്റെ പ്രാകാരങ്ങളിൽ തഴെക്കും. |
| യോഹ. 7:2 | യെഹൂദന്മാരുടെ കൂടാരവിരുന്ന്, സമീപമായിരുന്നു. |
| യോഹ. 7:37 | വിരുന്നിന്റെ മഹാനാളായ, ഒടുക്കത്തെ നാളിൽ, യേശു എഴുന്നേറ്റ് വിളിച്ചുപറഞ്ഞത്, ദാഹിക്കുന്നവൻ എന്റെ അടുക്കൽ വന്നു കുടിക്കട്ടെ. |
| യോഹ. 7:38 | തിരുവെഴുത്ത് പറഞ്ഞതുപോലെ, എന്നിലേക്കു വിശ്വസിക്കുന്നവന്റെ ഏറ്റവും ഉള്ളിലെ ആളത്തത്തിൽനിന്ന് ജീവജലനദികൾ ഒഴുകും. |
| യോഹ. 7:39 | എന്നാൽ ഇത് അവൻ തന്നിലേക്കു വിശ്വസിക്കുന്നവർ സ്വീകരിക്കാറായ ആത്മാവിനെക്കുറിച്ചായിരുന്നു പറഞ്ഞത്; യേശു തേജസ്കരിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ആത്മാവ് അതുവരെ ഇല്ലായിരുന്നു. |
| റോമ. 1:9 | ഒടുവിൽ ഏതെങ്കിലും വിധത്തിൽ നിങ്ങളുടെ അടുക്കൽ വരുവാൻ ദൈവഹിതത്തിൽ ഞാൻ അഭിവൃദ്ധിപ്പെടേണ്ടതിന് അപേക്ഷിച്ചുകൊണ്ട്, |
| കൊലൊ. 2:19 | തലയെ മുറുകെപ്പിടിക്കാതെ തന്നെ. അവനിൽ നിന്നല്ലോ ശരീരം മുഴുവൻ, സന്ധികളും ഞരമ്പുകളും മുഖാന്തരം സമ്പന്ന സഹായം ലഭിച്ചും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, ദൈവത്തിന്റെ |

വളർച്ചയാൽ വളരുന്നത്.

3. ഇന്ന് സമയത്തിലുള്ള നമ്മുടെ സേവനം നിത്യതയിലുള്ള നമ്മുടെ സേവനത്തിനു വേണ്ടിയുള്ള ഒരു ഒരുക്കമാണ്; സമയത്തിലുള്ള ദൈവത്തിന്റെ ഏക ലക്ഷ്യം ദിനംപ്രതി നമ്മിലേക്ക് അവനെത്തന്നെ പകരുക എന്നതാണ്; ദൈവം നമ്മിലേക്ക് വരുകയും നമ്മിൽനിന്ന് പുറത്തുവരുകയും ചെയ്യുമ്പോൾ, അതാണ് സേവനം—മത്താ. 25:19-23; യോഹ. 7:37-39.

| | |
|---|---|
| മത്താ. 25:19 | വളരെക്കാലത്തിനു ശേഷം ആ അടിമകളുടെ യജമാനൻ വന്ന് അവരുമായി കണക്കു തീർത്തു. |
| മത്താ. 25:20 | അപ്പോൾ അഞ്ചു താലന്തുകൾ ലഭിച്ചവൻ വേറെ അഞ്ചു താലന്തുകൾ കൊണ്ടുവന്നു പറഞ്ഞത്, യജമാനനേ, നീ അഞ്ചു താലന്തുകൾ എന്നെ ഏൽപ്പിച്ചു; ഇതാ, വേറെ അഞ്ചു താലന്തുകൾ ഞാൻ നേടിയിരിക്കുന്നു. |
| മത്താ. 25:21 | അവന്റെ യജമാനൻ അവനോട്, നല്ലവനും വിശ്വസ്തനുമായ അടിമയേ, നന്നായി ചെയ്തിരിക്കുന്നു. നീ അൽപകാര്യങ്ങളിൽ വിശ്വസ്തനായിരുന്നു, ഞാൻ നിന്നെ അനേകം കാര്യങ്ങൾക്കുമേൽ ആക്കിവയ്ക്കും. നിന്റെ യജമാനന്റെ സന്തോഷത്തിലേക്കു പ്രവേശിക്കുക എന്നു പറഞ്ഞു. |
| മത്താ. 25:22 | രണ്ടു താലന്തുകൾ ലഭിച്ചവനും വന്നു, യജമാനനേ, നീ രണ്ടു താലന്തുകൾ എന്നെ ഏൽപ്പിച്ചു; ഇതാ, വേറെ രണ്ടു താലന്തുകൾ ഞാൻ നേടിയിരിക്കുന്നു എന്നു പറഞ്ഞു. |
| മത്താ. 25:23 | അവന്റെ യജമാനൻ അവനോട്, നല്ലവനും വിശ്വസ്തനുമായ അടിമയേ, നന്നായി ചെയ്തിരിക്കുന്നു. നീ അൽപകാര്യങ്ങളിൽ വിശ്വസ്തനായിരുന്നു, ഞാൻ നിന്നെ അനേകം കാര്യങ്ങൾക്കു മേൽ ആക്കിവയ്ക്കും. നിന്റെ യജമാനന്റെ സന്തോഷത്തിലേക്കു പ്രവേശിക്കുക എന്നു പറഞ്ഞു. |
| യോഹ. 7:37 | വിരുന്നിന്റെ മഹാനാളായ, ഒടുക്കത്തെ നാളിൽ, യേശു എഴുന്നേറ്റ് വിളിച്ചുപറഞ്ഞത്, ദാഹിക്കുന്നവൻ എന്റെ അടുക്കൽ വന്നു കുടിക്കട്ടെ. |
| യോഹ. 7:38 | തിരുവെഴുത്ത് പറഞ്ഞതുപോലെ, എന്നിലേക്കു വിശ്വസിക്കുന്നവന്റെ ഏറ്റവും ഉള്ളിലെ ആഴത്തിൽനിന്ന് ജീവജലനദികൾ ഒഴുകും. |
| യോഹ. 7:39 | എന്നാൽ ഇത് അവൻ തന്നിലേക്കു വിശ്വസിക്കുന്നവർ സ്വീകരിക്കാറായ ആത്മാവിനെക്കുറിച്ചായിരുന്നു പറഞ്ഞത്; യേശു തേജസ്കരിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ആത്മാവ് അതുവരെ ഇല്ലായിരുന്നു. |

D. നമുക്ക് ഇനിമേൽ വിശക്കുകയോ ഇനിമേൽ ദാഹിക്കുകയോ ഇല്ല—വെളി. 7:16:

വെളി. 7:16a അവർക്ക് ഇനിമേൽ വിശക്കുകയില്ല, ഇനിമേൽ ദാഹിക്കുകയുമില്ല,...

1. വിശക്കുകയും ദാഹിക്കുകയും ചെയ്യുകയെന്നാൽ ഇതുവരെ തൃപ്തിവരാത്ത ഒരു പ്രത്യാശ ഉണ്ടായിരിക്കുക എന്നാണ്; തന്നിലേക്ക് വിശ്വസിക്കുന്ന

എല്ലാവരും തൃപ്തരാകുകയും അവനെ അവരുടെ തൃപ്തിപ്പെടുത്തുന്ന ജീവനായി സ്വീകരിക്കുകയും ചെയ്യുമെന്ന് ക്രിസ്തു വാഗ്ദാനം ചെയ്യുന്നു—യോഹ. 6:35.

യോഹ. 6:35 യേശു അവരോട് പറഞ്ഞു, ഞാൻ ജീവന്റെ അപ്പം ആകുന്നു; എന്റെ അടുക്കൽ വരുന്നവന് ഒരുവിധത്തിലും വിശക്കുകയില്ല, എന്നിലേക്കു വിശ്വസിക്കുന്നവന് ഒരുവിധത്തിലും ഒരുനാളും ദാഹിക്കുകയുമില്ല.

2. നമ്മുടെ ആത്മാവിലുള്ള ആത്മാവായ ദൈവത്തെ ബന്ധപ്പെടുന്നത് ജീവജലം കുടിക്കുന്നതും, ജീവജലം കുടിക്കുന്നത് ദൈവത്തിന് യഥാർഥ ആരാധന നൽകുന്നതും ആണ്—4:13-14, 23-24.

യോഹ. 4:13 യേശു അവളോട്, ഈ വെള്ളത്തിൽനിന്ന് കുടിക്കുന്ന ഏവനും വീണ്ടും ദാഹിക്കും,

യോഹ. 4:14 എന്നാൽ ഞാൻ അവനു നൽകുവാൻ പോകുന്ന വെള്ളത്തിൽനിന്ന് കുടിക്കുന്ന ഏവനും ഒരുവിധത്തിലും ഒരുനാളും ദാഹിക്കയില്ല; എന്നാൽ ഞാൻ അവനു നൽകുവാൻ പോകുന്ന വെള്ളം അവനിൽ നിത്യജീവനിലേക്ക് പ്രവഹിച്ചുയരുന്ന നീരുറവയായിത്തീരും എന്ന് ഉത്തരം പറഞ്ഞു.

യോഹ. 4:23 എന്നാൽ സത്യാരാധകർ പിതാവിനെ ആത്മാവിലും സത്യസന്ധതയിലും ആരാധിക്കുന്ന നാഴിക വരുന്നു, ഇപ്പോൾ ആകുകയും ചെയ്യുന്നു, പിതാവും തന്നെ ആരാധിക്കുവാൻ അങ്ങനെയുള്ളവരെ അന്വേഷിക്കുന്നു.

യോഹ. 4:24 ദൈവം ആത്മാവ് ആകുന്നു, അവനെ ആരാധിക്കുന്നവർ ആത്മാവിലും സത്യസന്ധതയിലും ആരാധിക്കണം.

E. പൊള്ളുന്ന സൂര്യനും ഉഷ്ണക്കാറ്റും നമ്മുടെമേൽ തട്ടുകയില്ല—വെളി. 7:16:

വെളി. 7:16b ...സൂര്യനും യാതൊരു ചൂടും അവരുടെമേൽ തട്ടുകയില്ല;;

1. സിംഹാസനത്തിന്മേൽ ഇരിക്കുന്ന കുഞ്ഞാട്-ദൈവം അവനെക്കൊണ്ടുതന്നെ നമ്മെ നിഴലിട്ടുകൊണ്ട് നമ്മുടെമേൽ കൂടാരമടിക്കും—വാ. 15; 2 കൊരി. 12:9.

വെളി. 7:15b ...സിംഹാസനത്തിൽ ഇരിക്കുന്നവൻ അവരുടെമേൽ കൂടാരമടിക്കും.

2 കൊരി. 12:9 അവൻ എന്നോട്, എന്റെ കൃപ നിനക്ക് മതി, എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരുന്നു എന്ന് പറഞ്ഞു. അതുകൊണ്ട് ക്രിസ്തുവിന്റെ ശക്തി എന്റെമേൽ കൂടാരമടിക്കേണ്ടതിന്, ഞാൻ അതിസന്തോഷത്തോടെ എന്റെ ബലഹീനതകളിൽ പ്രശംസിക്കും..

2. ദൈവത്തിന്റെ നിഴലിടലിൻകീഴിൽ ഒരുതരം ജീവനുണ്ട്—അത് ദൈവത്തിൽ മറഞ്ഞിരിക്കുന്ന ഒരു ജീവനാണ്—സങ്കീ. 36:7-9; എഫെ. 6:17; സങ്കീ. 91:1; 17:8; 57:1; രൂത്ത് 2:12.

സങ്കീ. 36:7 ദൈവമേ, നിന്റെ ദയ എത്ര വിലയേറിയതു! മനുഷ്യപുത്രന്മാർ നിന്റെ ചിറകിൻ നിഴലിൽ ശരണം

പ്രാപിക്കുന്നു.

സങ്കീ. 36:8 നിന്റെ ആലയത്തിലെ പുഷ്ടി അവർ അനുഭവിച്ചു തൃപ്തി പ്രാപിക്കുന്നു; നിന്റെ ആനന്ദനദി നീ അവരെ കുടിപ്പിക്കുന്നു.

സങ്കീ. 36:9 നിന്റെ പക്കൽ ജീവന്റെ ഉറവുണ്ടല്ലോ; നിന്റെ പ്രകാശത്തിൽ ഞങ്ങൾ പ്രകാശം കാണുന്നു.

എഫെ. 6:17 രക്ഷയുടെ ശിരസ്ത്രവും ആത്മാവിന്റെ വാളും കൈക്കൊള്ളുവിൻ, ആ ആത്മാവ് ദൈവവചനം ആകുന്നു,

സങ്കീ. 91:1 അത്യുന്നതന്റെ മറവിൽ വസിക്കയും സർവ്വശക്തന്റെ നിഴലിൻകീഴിൽ പാർക്കയും ചെയ്യുന്നവൻ

സങ്കീ. 17:8 കണ്ണിന്റെ കൃഷ്ണമണിപോലെ എന്നെ കാക്കേണമേ; എന്നെ കൊള്ളയിടുന്ന ദുഷ്ടന്മാരും

സങ്കീ. 57:1 സംഗീതപ്രമാണിക്കു; നശിപ്പിക്കരുതേ എന്ന രാഗത്തിൽ; ദാവീദിന്റെ ഒരു സ്വർണ്ണഗീതം; അവൻ ശൌലിന്റെ മുമ്പിൽനിന്നു ഗുഹയിലേക്കു ഓടിപ്പോയ കാലത്തു ചമെച്ചതു. ദൈവമേ, എന്നോടു കൃപയുണ്ടാകേണമേ; എന്നോടു കൃപയുണ്ടാകേണമേ; ഞാൻ നിന്നെ ശരണംപ്രാപിക്കുന്നു; അതേ, ഈ ആപത്തുകൾ ഒഴിഞ്ഞുപോകുവോളം ഞാൻ നിന്റെ ചിറകിൻനിഴലിൽ ശരണം പ്രാപിക്കുന്നു.

രൂത്ത്. 2:12 നിന്റെ പ്രവൃത്തിക്കു യഹോവ പകരം നല്കട്ടെ; യിസ്രായേലിന്റെ ദൈവമായ യഹോവയുടെ ചിറകിൻകീഴെ ആശ്രയിച്ചുവന്നിരിക്കുന്ന നിനക്കു അവൻ പൂർണ്ണപ്രതിഫലം തരുമാറാകട്ടെ എന്നുത്തരം പറഞ്ഞു.

3. യഹോവയെന്ന നിലയിലും മനുഷ്യനെന്ന നിലയിലും ക്രിസ്തു ദൈവത്തിന്റെ ജനത്തിന് സഹായം നൽകുകയും അവരെ പരിപാലിക്കുകയും മറയ്ക്കുകയും ചെയ്യുന്ന രാജാവാണ്; അവൻ ഭരിക്കുവാൻ വേണ്ടിയുള്ള രാജാവും, കാറ്റിന് ഒരു മറവും പിശറിന് ഒരു സങ്കേതവും എന്നപോലെയും, വരണ്ട നിലത്ത് നീർത്തോടുകൾ എന്നപോലെയും, ക്ഷീണമുള്ള ദേശത്ത് ഒരു വൻപാറയുടെ തണൽ എന്നപോലെയും ഒരു മനുഷ്യനുമാണ്—യെശ. 32:1-2.

യെശ. 32:1 ഒരു രാജാവു നീതിയോടെ വാഴും; പ്രഭുക്കന്മാർ ന്യായത്തോടെ അധികാരം നടത്തും.

യെശ. 32:2 ഓരോരുത്തൻ കാറ്റിന്നു ഒരു മറവും പിശറിന്നു ഒരു സങ്കേതവും ആയി വരണ്ട നിലത്തു നീർത്തോടുകൾപോലെയും ക്ഷീണമുള്ള ദേശത്തു ഒരു വമ്പാറയുടെ തണൽപോലെയും ഇരിക്കും.

F. സിംഹാസനത്തിന്റെ മധ്യേയുള്ള കുഞ്ഞാട് നമ്മെ മേയ്ക്കുകയും ജീവജലത്തിന്റെ ഉറവുകളിലേക്ക് നമ്മെ വഴിനടത്തുകയും ചെയ്യും—വെളി. 7:17: 23:1.

വെളി. 7:17a എന്തെന്നാൽ സിംഹാസനത്തിനു മധ്യേയുള്ള കുഞ്ഞാട് അവരെ മേയ്ക്കുകയും ജീവജലത്തിന്റെ ഉറവകളിലേക്ക് വഴിനടത്തുകയും ചെയ്യും; ...

1. മേയ്പിൽ പോറ്റന്നതും ഉൾപ്പെടുന്നു; ക്രിസ്തുവിന്റെ മേയ്പിൻ കീഴിൽ “എനിക്ക് ഒന്നിനും മുട്ടില്ല”—സങ്കീ. 23:1.

2. നമുക്ക് ഒരിക്കലും നമ്മെത്തന്നെ മെച്ചപ്പെടുത്തുവാൻ കഴിയില്ല, നമ്മെ പോറ്റുവാൻ എല്ലാ സമയത്തും നമുക്ക് ഒരു ഇടയനെ ആവശ്യമാണ്; സിംഹാസനത്തിൽ ഇരിക്കുന്നവനും ദൈവത്തിന്റെ ആലയത്തിലും ആലയത്തിനുവേണ്ടിയുള്ളവനുമായ ദൈവത്തിന്റെ കുഞ്ഞാടെന്ന നിലയിലുള്ള അവന്റെ അനുഭവംകൊണ്ട് അവൻ കുഞ്ഞാടുകളെ പോറ്റുന്നു—വാ. 2-6; വെളി. 22:1.

| | |
|---|---|
| സങ്കീ. 23:2 | പച്ചയായ പുല്പുറങ്ങളിൽ അവൻ എന്നെ കിടത്തുന്നു; സ്വസ്ഥതയുള്ള വെള്ളത്തിന്നരികത്തേക്കു എന്നെ നടത്തുന്നു. |
| സങ്കീ. 23:3 | എന്റെ പ്രാണനെ അവൻ തണുപ്പിക്കുന്നു; തിരുനാമംനിമിത്തം എന്നെ നീതിപാതകളിൽ നടത്തുന്നു. |
| സങ്കീ. 23:4 | കൂരിരുൾതാഴ്വരയിൽ കൂടി നടന്നാലും ഞാൻ ഒരു അനർത്ഥവും ഭയപ്പെടുകയില്ല; നീ എന്നോടുകൂടെ ഇരിക്കുന്നുവല്ലോ; നിന്റെ വടിയും കോലും എന്നെ ആശ്വസിപ്പിക്കുന്നു. |
| സങ്കീ. 23:5 | എന്റെ ശത്രുക്കൾ കാൺകെ നീ എനിക്കു വിരുന്നൊരുക്കുന്നു; എന്റെ തലയെ എണ്ണകൊണ്ടു അഭിഷേകംചെയ്യുന്നു; എന്റെ പാനപാത്രവും നിറഞ്ഞു കവിയുന്നു. |
| സങ്കീ. 23:6 | നന്മയും കരുണയും എന്റെ ആയുഷ്കാലമൊക്കെയും എന്നെ പിന്തുടരും; ഞാൻ യഹോവയുടെ ആലയത്തിൽ ദീർഘകാലം വസിക്കും. |
| വെളി. 22:1 | വീഥിയുടെ നടുവിൽ, ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽനിന്നു പുറപ്പെടുന്നതായ, പളുങ്കുപോലെ ശുഭ്രമായ, ജീവജല നദി അവൻ എന്നെ കാണിച്ചു. |

G. അവൻ നമ്മുടെ കണ്ണുകളിൽനിന്ന് കണ്ണുനീരെല്ലാം തുടച്ചുകളയും—7:17:

| | |
|---|---|
| വെളി. 7:17b | ...ദൈവമോ അവരുടെ കണ്ണുകളിൽനിന്ന് കണ്ണുനീരെല്ലാം തുടച്ചുകളയും.. |

1. ഈ യുഗത്തിൽ കണ്ണുനീരുകൾ ഒഴിവാക്കാനാകാത്തതാണ്, എന്നാൽ നമ്മുടെ കണ്ണുനീർ ദൈവത്തിന്റെ തുരുത്തിയിൽ ആക്കിവയ്ക്കുകയും അവന്റെ പുസ്തകത്തിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു—എബ്രാ. 5:7; പ്രവൃ. 20:19, 31; സങ്കീ. 56:8; പ്ര.നി. മലാ. 3:16.

| | |
|---|---|
| എബ്രാ. 5:7 | ഇവൻ, തന്റെ ജഡത്തിലെ നാളുകളിൽ, തന്നെ മരണത്തിൽ നിന്ന് രക്ഷിക്കുവാൻ കഴിവുള്ളവനോട് ഉറച്ച നിലവിളിയോടും കണ്ണുനീരോടുംകൂടെ യാചനകളും അപേക്ഷകളും അർപ്പിക്കുകയും തന്റെ ഭക്തി നിമിത്തം കേൾക്കപ്പെടുവാൻ ഇടയാകുകയും ചെയ്തു, |
| പ്രവൃ. 20:19 | സകല താഴ്മയോടും കണ്ണുനീരോടും യെഹൂദന്മാരുടെ ഗൂഢാലോചനകളാൽ എന്റെമേൽ വന്ന പരീക്ഷണങ്ങളോടുംകൂടെ ഒരു അടിമയായി കർത്താവിനെ സേവിച്ചുകൊണ്ട്, |
| പ്രവൃ. 20:31 | അതുകൊണ്ട്, മൂന്നു വർഷം രാത്രിയും പകലും കണ്ണുനീരോടെ നിങ്ങൾ ഓരോരുത്തനെയും |

ഉദ്ബോധിപ്പിക്കുന്നത് ഞാൻ നിർത്തിയില്ല എന്ന് ഓർത്തുകൊണ്ട്, ഉണർന്നിരിക്കുവിൻ.

സങ്കീ. 56:8 നീ എന്റെ ഉഴൽചകളെ എണ്ണുന്നു; എന്റെ കണ്ണുനീർ നിന്റെ തുരുത്തിയിൽ ആക്കിവെക്കേണമേ; അതു നിന്റെ പുസ്തകത്തിൽ ഇല്ലയോ?

മലാ. 3:16 യഹോവാഭക്തന്മാർ അന്നു തമ്മിൽ തമ്മിൽ സംസാരിച്ചു; യഹോവ ശ്രദ്ധവെച്ചു കേട്ടു; യഹോവാഭക്തന്മാർക്കും അവന്റെ നാമത്തെ സ്മരിക്കുന്നവർക്കും വേണ്ടി അവന്റെ സന്നിധിയിൽ ഒരു സ്മരണപുസ്തകം എഴുതിവെച്ചിരിക്കുന്നു.

2. നമ്മുടെ തൃപ്തിക്കുവേണ്ടി കുഞ്ഞാട് ജീവജലം നൽകുന്നതിനാൽ, കണ്ണുനീർ തുടച്ചുമാറ്റപ്പെടുന്നു—യിരെ. 9:1; 2:13; പ്ര.നി. 15:16; വിലാ. 3:21-25, 55-56.

യിരെ. 9:1 അയ്യോ, എന്റെ ജനത്തിന്റെ പുത്രിയുടെ നിഹതന്മാർനിമിത്തം രാവും പകലും കരയേണ്ടതിന്നു എന്റെ തല വെള്ളവും എന്റെ കണ്ണു കണ്ണുനീരുറവും ആയിരുന്നെങ്കിൽ കൊള്ളായിരുന്നു!

യിരെ. 2:13 എന്റെ ജനം രണ്ടു ദോഷം ചെയ്തിരിക്കുന്നു: അവർ ജീവജലത്തിന്റെ ഉറവായ എന്നെ ഉപേക്ഷിച്ചു, വെള്ളമില്ലാത്ത കിണറുകളെ, പൊട്ടക്കിണറുകളെ തന്നേ, കുഴിച്ചിരിക്കുന്നു.

യിരെ. 15:16 ഞാൻ നിന്റെ വചനങ്ങളെ കണ്ടെത്തി ഭക്ഷിച്ചിരിക്കുന്നു; നിന്റെ വചനങ്ങൾ എനിക്കു സന്തോഷവും എന്റെ ഹൃദയത്തിന്നു ആനന്ദവും ആയി; സൈന്യങ്ങളുടെ ദൈവമായ യഹോവേ, നിന്റെ നാമം എനിക്കു വിളിക്കപ്പെട്ടിരിക്കുന്നുവല്ലോ.

വിലാ. 3:21 ഇതു ഞാൻ ഓർക്കും; അതുകൊണ്ടു ഞാൻ പ്രത്യാശിക്കും.

വിലാ. 3:22 നാം മുടിഞ്ഞുപോകാതിരിക്കുന്നതു യഹോവയുടെ ദയ ആകുന്നു; അവന്റെ കരുണ തീർന്നു പോയിട്ടില്ലല്ലോ;

വിലാ. 3:23 അതു രാവിലെതോറും പുതിയതും നിന്റെ വിശ്വസ്തത വലിയതും ആകുന്നു.

വിലാ. 3:24 യഹോവ എന്റെ ഓഹരി എന്നു എന്റെ ഉള്ളം പറയുന്നു; അതുകൊണ്ടു ഞാൻ അവനിൽ പ്രത്യാശവെക്കുന്നു.

വിലാ. 3:25 തന്നെ കാത്തിരിക്കുന്നവർക്കും തന്നെ അന്വേഷിക്കുന്നവന്നും യഹോവ നല്ലവൻ.

വിലാ. 3:55 യഹോവേ, ഞാൻ ആഴമുള്ള കുണ്ടറയിൽനിന്നു നിന്റെ നാമത്തെ വിളിച്ചപേക്ഷിച്ചിരിക്കുന്നു.

വിലാ. 3:56 എന്റെ നെടുവീർപ്പിന്നും എന്റെ നിലവിളിക്കും ചെവി പൊത്തിക്കളയരുതേ എന്നുള്ള എന്റെ പ്രാർത്ഥന നീ കേട്ടിരിക്കുന്നു.

3. ദുഃഖത്തിന്റെ നാളുകളും ദുഃഖത്തിന്റെ കാര്യങ്ങളും നിലനിൽക്കുകയില്ല എന്നതിനായി ദൈവത്തിന് നന്ദി; ലോകം നീങ്ങിപ്പോകുന്നു, എന്നാൽ നിത്യജീവന്റെ ആകത്തുകയായ പുതിയ യെരൂശലേമായിത്തീരുന്നതുവരെ ഒഴുകുന്ന ത്രിയേക ദൈവത്തിൽനിന്ന് കുടിക്കുവാൻ നാം അനുഗ്രഹം പ്രാപിച്ചിരിക്കുന്നു—യോഹ. 4:14.

യോഹ. 4:14 എന്നാൽ ഞാൻ അവനു നൽകുവാൻ പോകുന്ന

വെള്ളത്തിൽനിന്ന് കുടിക്കുന്ന ഏവനും ഒരുവിധത്തിലും ഒരുനാളും ദാഹിക്കയില്ല; എന്നാൽ ഞാൻ അവനു നൽകുവാൻ പോകുന്ന വെള്ളം അവനിൽ നിത്യജീവനിലേക്ക് പ്രവഹിച്ചുയരുന്ന നീരുറവയായിത്തീരും എന്ന് ഉത്തരം പറഞ്ഞു.